بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 6

ലക്കം 47

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 നവംബർ 25/ഹി.ശം. 1400 നുബുവ്വത്ത് 25/1443 റബീഉൽ ആഖിർ 19

## അല്ലാഹുവിന്റെ വചനം

وَ کُنۡتُ عَلَیۡہِمۡ شَہِیۡدًا مَّا دُمۡتُ فِیۡہِمۡ ۚ فَلَمَّا تَوَفَّیۡتَنِیۡ کُنۡتَ اَنۡتَ الرَّقِیۡبَ عَلَیۡہِمۡ ؕ وَ اَنۡتَ عَلٰی کُلِّ شَیۡءٍ شَہِیۡدٌ ○

'ഞാൻ അവരിൽ ഉണ്ടായിരുന്നിടത്തോളം(കാലം) ഞാൻ അവരുടെമേൽ സാക്ഷിയായിരുന്നു. എന്നാൽ, നീ എന്നെ മരിപ്പിച്ചപ്പോൾ അവരുടെ മേൽനോട്ടക്കാരൻ നീ തന്നെയായി. നീ എല്ലാ കാര്യങ്ങൾക്കും സാക്ഷിയാകുന്നു.'(5:118)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### ശ്രേഷ്ഠമായ കർമം

(1519) അബൂഹുറയ്റ(റ)നിവേദനം. ഏതു കർമമാണ് ഏറ്റവും ശ്രേഷ്ഠമായതെന്ന് നബി(സ)തിരുമേനിയോടു ചോദിക്കപ്പെട്ടു. അവിടന്ന് പറഞ്ഞു: 'അല്ലാഹുവിലും ദൂതനിലും വിശ്വസിക്കൽ. ശേഷം ഏതാണെന്ന് വീണ്ടും ചോദിക്കപ്പെട്ടു. അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യലെന്ന് നബി(സ)തിരുമേനി പ്രത്യുത്തരം നല്കി. പിന്നീട് ഏതാണെന്ന് വീണ്ടും ചോദിക്കപ്പെട്ടു. അവിടന്ന് പറഞ്ഞു: നന്മയും അനുസരണവും അടങ്ങിയ ഹജ്ജ്.'

### ഹജ്ജിന്റെ പ്രാധാന്യം

(1521) അബൂഹുറയ്റ(റ) നിവേദനം. 'വല്ലവനും അല്ലാഹുവിനുവേണ്ടി ഹജ്ജു ചെയ്തു. അവൻ അനാവശ്യം പ്രവർത്തിച്ചില്ല. കുറ്റകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുമില്ല. എങ്കിൽ സ്വമാതാവ് അവനെ പ്രസവിച്ച ദിവസംപോലെ പരിശുദ്ധനായിക്കൊണ്ട് അവൻ തിരിച്ചുവരുമെന്ന് നബി(സ)തിരുമേനി പറഞ്ഞതായി ഞാൻ കേൾക്കുകയുണ്ടായി.*(സ്വഹീഹ് ബുഖാരി, വാല്യം 3, കിതാബുൽഹജ്ജ്, പ്രസാധനം ഖാദിയാൻ 2008)*

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER 1800 3010 2131**

AHMADIPEDIA ahmadipedia.org Search

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**

## ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ 15-10-2021 സമ്പൂർണ പരിഭാഷ

അമീറുൽമുഅ്മിനീന്റെ യൂറോപ്യൻ പര്യടന റിപ്പോർട്ട്

## നബി(സ)തിരുമേനി പറഞ്ഞു: 'ഹദ്റത്ത് അബൂബക്ർ(റ)ന്റെ ശ്രേഷ്ഠത അദ്ദേഹത്തിന്റെ മനസ്സിലുള്ളതു കാരണത്താലാണ്.' യഥാർഥത്തിൽ ഹദ്റത്ത് അബൂബക്ർ(റ) കാണിച്ച സത്യസന്ധത അതിന് ഉദാഹരണം കിട്ടുക പ്രയാസകരമാണ്.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ഹദ്റത്ത് അബൂബക്ർ(റ)ന്റെ അതുല്യമായ സത്യസന്ധത**

നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിന് സിദ്ദീഖ് എന്ന സ്ഥാനപ്പേരു നല്കിയപ്പോൾ അദ്ദേഹത്തിൽ എന്തെന്തല്ലാം ശ്രേഷ്ഠതകളുണ്ടായിരുന്നുവെന്ന് അല്ലാഹുതന്നെയാണ് നന്നായി അറിയുന്നവൻ. നബി(സ)തിരുമേനി പറഞ്ഞു: 'ഹദ്റത്ത് അബൂബക്ർ(റ)ന്റെ ശ്രേഷ്ഠത അദ്ദേഹത്തിന്റെ മനസ്സിലുള്ളതു കാരണത്താലാണ്.' യഥാർഥത്തിൽ ഹദ്റത്ത് അബൂബക്ർ(റ)കാണിച്ച സത്യസന്ധത അതിന് ഉദാഹരണം കിട്ടുക പ്രയാസകരമാണ്. സത്യമെന്താണെന്നാൽ, ഓരോ കാലഘട്ടത്തിലും ആരാണോ സിദ്ദീഖിന്റെ ശ്രേഷ്ഠതകൾ കരസ്ഥമാക്കുന്നതിന് ശ്രമിക്കുന്നത് അയാൾക്ക് നിർബന്ധമായ കാര്യ അബൂബക്റിന്റെ സ്വഭാവവും പ്രകൃതിയും തന്റെ ഉള്ളിൽ ഉണ്ടാക്കുന്നതിനുവേണ്ടി സാധ്യമാകുന്നിടത്തോളം പരിശ്രമിക്കുക എന്നതാണ്. പിന്നീട് സാധ്യമാകുന്നിടത്തോളം ദുആയും ചെയ്യുക. അബൂബക്റിന്റെ പ്രകൃതിയുടെ തണൽ തന്റെമേൽ വീഴ്ത്താത്തിടത്തോളം ആ വർണത്തിൽ വിഭൂഷിതനാകാത്തിടത്തോളം ആ ശ്രേഷ്ഠതകൾ ലഭിക്കുകയില്ല.

**അബൂബക്റിന്റെ പ്രകൃതി എന്താണ്?**

അബൂബക്റിന്റേതായ പ്രകൃതി എന്തായിരുന്നു? അതിനെക്കുറിച്ച് വിശദമായ ചർച്ചയ്ക്കും സംസാരത്തിനമുള്ള അവസരമല്ല ഇത്. കാരണം അതു വിവരിക്കുന്നതിന് കുറെക്കാലം വേണ്ടിവരും. ചുരുങ്ങിയ നിലയിൽ ഒരു സംഭവം ഞാൻ പറയാം. നബി(സ)തിരുമേനി നുബുവ്വത്ത് വെളിപ്പെടുത്തിയപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) ശാമിലേക്ക് പോയിരിക്കുകയായിരുന്നു. തിരിച്ചുവരുമ്പോൾ വഴിയിൽവെച്ചുതന്നെ ഒരാൾ അദ്ദേഹത്തെ കണ്ടു. അയാളോടു മക്കയിലെ വിശേഷം ചോദിക്കുകയും പുതിയവാർത്ത എന്തെങ്കിലും കേൾപ്പിക്കാൻ പറയുകയും ചെയ്തു. മനുഷ്യൻ യാത്രയിൽനിന്ന് തിരിച്ചുവരുമ്പോൾ ഏതെങ്കിലും നാട്ടുകാരനെ കണ്ടുമുട്ടിയാൽ നാട്ടിലെ വിശേഷങ്ങൾ തിരക്കുക എന്നത് സ്വാഭാവികമാണ്. അയാൾ പറഞ്ഞു, പുതിയകാര്യം നിന്റെ സുഹൃത്ത് (മുഹമ്മദ്സ)ദൈവദൂതനാണെന്ന് വാദിച്ചിരിക്കുന്നു എന്നതാണ്. അദ്ദേഹം കേട്ടുടനെ പറഞ്ഞു: 'അവൻ ഈ വാദം ഉന്നയിച്ചിട്ടുണ്ടെങ്കിൽ നിസംശയം അവൻ സത്യവാനാണ്.' അദ്ദേഹത്തിൽ എത്രമാത്രം സൽധാരണയാണുണ്ടായിരുന്നതെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നു. മുഅ്ജിസത്തിന്റെ ഒന്നും ആവശ്യമുണ്ടെന്ന് മനസ്സിലാക്കിയില്ല. യഥാർഥത്തിൽ മുഅ്ജിസത്ത് ചോദിക്കുന്നവൻ അവസ്ഥകളെ കുറിച്ച് പരിചയമില്ലാത്തവനാണ്. അപരിചിതത്വം ഉള്ളിടത്താണ് തൃപ്തി കിട്ടുന്നതിനുവേണ്ടി മുഅ്ജിസത്ത് ചോദിക്കുന്നത്. പക്ഷേ, നിഷേധംതന്നെയില്ലാത്തവന് മുഅ്ജിസത്തിന്റെ ആവശ്യമെന്താണ്? ചുരുക്കിപ്പറഞ്ഞാൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് വഴിയിൽവെച്ചുതന്നെ കേട്ടു വിശ്വസിച്ചു. മക്കയിലെത്തിയപ്പോൾ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി ചോദിച്ചു: 'അങ്ങ് നുബുവ്വത്ത് വാദം പുറപ്പെടുവിച്ചോ?' നബി(സ) തിരുമേനി പറഞ്ഞു: 'അതേ!ശരിതന്നെയാണ്.' അതുകേട്ട് ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് പറഞ്ഞു: അങ്ങ് സാക്ഷിയായിരിക്കുക. ഞാൻ അങ്ങയെ ആദ്യം സാക്ഷ്യപ്പെടുത്തുന്നവനാണ്.' പക്ഷേ, അതു വെറും പറച്ചിൽമാത്രമായിരുന്നില്ല. പ്രത്യുത തന്റെ കർമംകൊണ്ട് അതിനെ സാദൃശ്യപ്പെടുത്തി കാണിച്ചു. എങ്ങനെ സാദൃശ്യപ്പെടുത്തിയെന്നാൽ അവസാനം ശ്വാസംവരെ അതു നിറവേറ്റി, മരിച്ചതിനുശേഷവും സഹവാസം വിട്ടില്ല.'

*(മൽഫൂദാത്ത് വാല്യം 1, പേജ് 337, പ്രസാധനം ഖാദിയാൻ 2018)*

## പൊതുജനങ്ങളിൽ പ്രസിദ്ധമായിട്ടുള്ള ജിന്നുകൾക്ക് ഒരു അസ്തിത്വവുമില്ല. നബി(സ)തിരുമേനിയിൽ വിശ്വസിച്ചിരുന്ന ജിന്നുകൾ മനുഷ്യർതന്നെയായിരുന്നു.

വിശുദ്ധ ഖുർആനിലെ ജിന്ന് എന്ന അധ്യായത്തിൽനിന്നും അഹ്ഖാഫ് എന്ന അധ്യായത്തിൽനിന്നും മനസ്സിലാകുന്നത് ജിന്നുകളുടെ ഒരു ജമാഅത്ത് നബി(സ) തിരുമേനിയെ വിശ്വസിച്ചിരുന്നുവെന്നാണ്. ഹദീഥിൽ നിന്നും അറിയാൻ കഴിയുന്നത് ജിന്നുകളുടെ ഒരു സംഘം നബി(സ)തിരുമേനിയുമായി കൂടിക്കാഴ്ചയ്ക്കു വന്നുവെന്നാണ്. ഇതുസംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

'ഇനി അവശേഷിക്കുന്നത് നബി(സ) തിരുമേനിയുടെ കാലഘട്ടത്തിലെ ചോദ്യമാണ്. ആ സമയത്ത് വിശ്വസിച്ച ജിന്നുകൾ എങ്ങനെയുള്ള സൃഷ്ടികളായിരുന്നു. ഇതു സംബന്ധമായി വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിതമാകുന്നത് അവർ യഹൂദികളായിരുന്നുവെന്നാണ്. കാരണം അവർ മൂസായുടെ ഗ്രന്ഥത്തേയും അതിൽ വിശ്വസിക്കുന്നതിനേയും കുറിച്ചു പറയുന്നു. അതുകൊണ്ട് അവർ യഹൂദികളായിരുന്നുവെന്ന് മനസ്സിലായി. അല്ലാഹു അവരെ ജിന്ന് എന്ന് പറഞ്ഞത്, അവർ പുറത്തുനിന്നുള്ളവരായിരുന്നു. നബി(സ)തിരുമേനിയെ രഹസ്യമായി കണ്ടിരുന്നു. ചില ഹദീഥുകളിൽനിന്ന് മനസ്സിലാകുന്നത് അവർ നസ്വീബയ്ൻ നാട്ടുകാരായിരുന്നുവെന്നാണ്. അവർ രാത്രിനേരത്ത് നബി(സ)തിരുമേനിയെ വന്നു കണ്ടിരുന്നു.(ബുഖാരി കിതാബുൽ മനാഖിബുൽഅൻസ്വാർ വ മുസ്‌ലിം ഭാഗം 1) അവർ തിരിച്ചുപോയി അവരുടേയും അവരുടെ ജനതയുടേയും ഇടയിലുണ്ടായ സംഭവം, അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്നു.അറേബ്യക്കാരുടെ എതിർപ്പുകാരണം അവർ രഹസ്യമായാണ് നബി(സ)തിരുമേനിയെ സന്ദർശിച്ചിരുന്നത്. ആ മഹാത്മാവിൽനിന്ന് വിശുദ്ധ ഖുർആൻ കേട്ടു. അവർ തിരിച്ചുപോയപ്പോൾ അദ്ദേഹം സത്യവാനാണെന്ന് അവരുടെ മനസ്സ് സാക്ഷി പറഞ്ഞു. അവർ തങ്ങളുടെ ജനതയിൽ പ്രബോധനവും തുടങ്ങി.

ജിന്ന് മനുഷ്യനാണെന്ന കാര്യത്തിനുള്ള തെളിവ് താഴെ പറയുന്നവയാണ്. ഒന്നാമതായി അവർ രഹസ്യമായാണ് കണ്ടിരുന്നത്. അവർ ജിന്നായിരുന്നെങ്കിൽ അവർക്ക് രഹസ്യമായും രാത്രിയിലും കാണേണ്ട ആവശ്യമെന്താണ്? പരസ്യമായി കാണുകയാണെങ്കിൽ ആര് എന്തു നഷ്ടമുണ്ടാക്കാനാണ്? ജിന്നുകളുടെ ലക്ഷണങ്ങൾ പറയുന്നതുകാണുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ ആർക്കാണ് അവരെ കാണാൻ കഴിയുക?

രണ്ടാമത്തേത് വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: **ലി തുഅ്മിനൂ ബില്ലാഹി വ റസൂലിഹീ വ തുഅസ്സിറൂഹു വ തുവഖ്ഖിറൂഹു** അതായത് സത്യവിശ്വാസികളേ! നാം ഈ റസൂലിനെ അയച്ചിട്ടുള്ളത് നിങ്ങൾ അദ്ദേഹത്തെ സഹായിക്കാനും അദ്ദേഹത്തിന്റെ അന്തസ് ലോകത്ത് സ്ഥാപിക്കാനുമാണ്. (48:10) ജിന്നു

ശേഷം പേജ് 12 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

‘ഖലീഫമാരുടെമേൽ അവർ ഭയപ്പെടുന്ന രീതിയിലുള്ള ഒരു മുസ്വീബത്തും വരികയില്ല. ഇനി വന്നാൽ അല്ലാഹു അതിനെ സമാധാനത്തിൽ മാറ്റുന്നതാണ്.’ - ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضي الله عنه

നബിﷺതിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്,
ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ് رضي الله عنه ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച

**ഹദ്റത്ത് ഉമറിന്റെ ശഹാദത്ത് സംഭവവും അതിന്റെ പിന്നിൽ പ്രവർച്ചവരെ കുറിച്ചുള്ള വിശദീകരണവും**

**ഖുത്ബ ജുമുഅ 2021 ഒക്ടോബർ 15/1400 അഖാഅ് 15,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

ഹദ്റത്ത് ഉമർ(റ)ന്റെ ശഹാദത്ത് സംഭവമായിരുന്നു കഴിഞ്ഞ ഖുത്ബയിൽ വിവരിച്ചിരുന്നത്. അതിനെ കുറിച്ച് കൂടുതൽ വിശദാംശങ്ങൾ പറയാനുണ്ട്. സ്വഹീഹ് ബുഖാരിയിലെ ഒരു നിവേദനം ഞാൻ ഉദ്ധരിച്ചിരുന്നു. ഹദ്റത്ത് ഉമർ(റ)നുമേൽ ആക്രമണം നടന്ന ഉടനെതന്നെ സ്വുബ്ഹി നമസ്കാരം പൂർത്തിയാക്കി എന്നാണ് അതിൽനിന്നു മനസ്സിലാകുന്നത്. ആ സമയത്ത് ഹദ്റത്ത് ഉമർ(റ) മസ്ജിദിൽതന്നെ കിടന്നു. എന്നാൽ, മറ്റു നിവേദനങ്ങൾ പ്രകാരം ഉടനെതന്നെ ഹദ്റത്ത് ഉമർ(റ)നെ വീട്ടിലേക്കു കൊണ്ടുപോവുകയും അതിനുശേഷം സ്വുബ്ഹി നമസ്കാരം നിർവഹിക്കപ്പെടുകയുമാണുണ്ടായത്. സ്വഹീഹ് ബുഖാരിയുടെ വ്യാഖ്യാതാവായ അല്ലാമാ ഇബ്നു ഹജർ പ്രസ്തുത നിവേദനത്തിനു താഴെ മറ്റൊരു നിവേദനം കൂടി ചേർത്തുകൊണ്ട് ഇപ്രകാരം എഴുതുന്നു: ‘ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) പറയുന്നു: ‘ഹദ്റത്ത് ഉമർ(റ)ന്റെ ദേഹത്തുനിന്നു ഒരുപാട് രക്തം വാർന്നുപോവുകയും അദ്ദേഹം അബോധാവസ്ഥയിലാകുകയും ചെയ്തപ്പോൾ ഞാനും കുറച്ചുപേരുംകൂടി അദ്ദേഹത്തെ എടുത്ത് വീട്ടിലേക്കെത്തിച്ചു. നേരം വെളുക്കുവോളം അദ്ദേഹം അബോധാവസ്ഥയിലായിരുന്നു. അദ്ദേഹത്തിന് ബോധം തെളിഞ്ഞപ്പോൾ ഞങ്ങളെ നോക്കി, എല്ലാവരും നമസ്കരിച്ചോ? എന്ന് ചോദിച്ചു. ‘ഞങ്ങൾ നമസ്കരിച്ചുവെന്ന് ഞാൻ പറഞ്ഞപ്പോൾ’ അദ്ദേഹം പറഞ്ഞു: ‘നമസ്കാരം ഉപേക്ഷിക്കുന്നയാൾ മുസ്‌ലിമല്ല.’ അതും പറഞ്ഞു അദ്ദേഹം വുളു എടുത്ത് നമസ്കരിച്ചു. അതുകൂടാതെ ത്വബഖാത്തുൽ കുബ്റായിൽ ഇപ്രകാരം വന്നിരിക്കുന്നു: ‘ഹദ്റത്ത് ഉമറിനെ ഞങ്ങളെടുത്ത് വീട്ടിൽകൊണ്ടുപോയി. അതിനുശേഷം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) സ്വുബ്ഹി നമസ്കരിപ്പിച്ചു.’ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് ഖുർആനിലെ ഏറ്റവും ചെറിയ രണ്ടു സൂറത്തുകളാണ് ഓതിയിരുന്നതെന്നും വന്നിരിക്കുന്നു; സൂറത്തുൽ അസ്റും, ഇന്നാ അഅ്ത്വയ്നാകൽ കൗഥറും! മറ്റൊരിടത്തു വന്നിരിക്കുന്നത് സൂറ അസ്റും ഖുൽ യാ അയ്യുഹൽ കാഫിറൂനും ഓതി എന്നാണ്. *(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 266, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)*

ഹദ്റത്ത് ഉമറിന്റെ ഘാതകനെ കുറിച്ച് ത്വബഖാത്തുൽ കുബ്റയിൽ ഇപ്രകാരം വന്നിട്ടുണ്ട്: ഹദ്റത്ത് ഉമറിനുമേൽ ആക്രമണമുണ്ടായപ്പോൾ അദ്ദേഹം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസിനോട് തന്നെ ആരാണ് വധിക്കാൻ ശ്രമിച്ചതെന്ന് അന്വേഷിച്ച് വരാൻ പറഞ്ഞു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) പറയുന്നു: ‘ഞാൻ അവിടെനിന്ന് ഇറങ്ങി വീടിന്റെ വാതിൽ തുറന്നപ്പോൾ ഹദ്റത്ത് ഉമറിന്റെ അവസ്ഥയെ കുറിച്ച് അറിയാത്ത കുറച്ചുപേർ അവിടെ തടിച്ചുകൂടിയതായി കണ്ടു. ഞാൻ അവരോട് ചോദിച്ചു: ഹദ്റത്ത് അമീറുൽ മുഅ്മിനീനെ ആരാണ് കഠാരകൊണ്ട് കുത്തി പരിക്കേൽപിച്ചത്?’ അവർ പറഞ്ഞു: ‘അല്ലാഹുവിന്റെ ശത്രു അബൂലുഅ്‌ലുവയാണ് അത് ചെയ്തത്. അയാൾ മുഗീറ ബിൻ ശുഅ്ബയുടെ അടിമയാണ്. അയാൾ മറ്റുള്ളവരെയും പരിക്കേൽപിച്ചിട്ടുണ്ട്. എന്നാൽ, അയാൾ പിടിക്കപ്പെട്ടപ്പോൾ സ്വയം കഠാര കുത്തിയിറക്കി ആത്മഹത്യ ചെയ്തുകളഞ്ഞു.’ *(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 263, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1990)*

ഹദ്റത്ത് ഉമർ(റ)ന്റെ ശഹാദത്ത് ഏതെങ്കിലും ഗൂഢതന്ത്രത്തിന്റെ ഫലമാണോ അതല്ല ഘാതകന്റെ വ്യക്തി വിദ്വേഷത്തിന്റെ ഫലമാണോ എന്നതിനെ കുറിച്ച് പിൽക്കാലത്തെ ചിത്രകാരന്മാർ ഇങ്ങനെയാണ് എഴുതിയിരിക്കുന്നത്: ‘ഹദ്റത്ത് ഉമർ(റ)ന്റെ ശഹാദത്ത് വെറും വ്യക്തി വിദ്വേഷത്തിന്റെ ഫലമായിരുന്നില്ല. മറിച്ച് അതൊരു ആസൂത്രിത നീക്കമായിരുന്നു. എന്തായാലും അവരുടെ അഭിപ്രായം എന്താണെന്ന് നമുക്ക് നോക്കാം. ഹദ്റത്ത് ഉമറിനെ പോലൊരു ധൈര്യവാനായ ഖലീഫയെ ഏതു പ്രകാരമാണ് ശഹീദാക്കിയതെന്നതിനെ കുറിച്ച് നമ്മൾ പഠിക്കുമ്പോൾ ചരിത്രകാരന്മാരും ജീവചരിത്രകാരന്മാരും ശഹാദത്ത് സംഭവത്തെ കുറിച്ച് വിശദമായി പ്രതിപാദിച്ചശേഷം കാര്യകാരണങ്ങളെ കുറിച്ച് മൗനം പാലിക്കുന്നതായാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അബൂലുഅ്‌ലുവ ഫിറോസ് താൽകാലിക ആവേശത്തിന്റെ പുറത്തും കോപത്താലും അദ്ദേഹത്തെ വധിച്ചതായുള്ള പ്രതീതിയാണ് അത് ഉളവാക്കുന്നത്. എന്നാൽ, ചില ചരിത്രകാരന്മാരും ജീവചരിത്രകാരന്മാരും ഈ വിഷയത്തെ കുറിച്ച് വിശദമായ ചർച്ചകൾ നടത്തിക്കൊണ്ട് ഇങ്ങനെ പ്രതിപാദിച്ചതായി കാണാം. ‘ഇത് ഒരു വ്യക്തിയുടെ കോപം കാരണത്താലുള്ള പ്രതികാര നടപടിയായി കണക്കാക്കാനാകില്ല. മറിച്ച് അതൊരു ആസൂത്രിത കൊലപാതകമായിരുന്നു. കൃത്യമായ നിലയിൽ മുമ്പേ പദ്ധതി ആവിഷ്കരിച്ച് അതിന്റെ അടിസ്ഥാനത്തിലാണ് ഹദ്റത്ത് ഉമറിനെ വധിച്ചിരിക്കുന്നത്. മുസ്‌ലിമായിക്കൊണ്ട് മദീനയിൽ താമസം തുടങ്ങിയിരുന്ന പ്രസിദ്ധനായ പേർഷ്യൻ സൈന്യാധിപൻ ഹുർമുസാനും അതിൽ ഭാഗഭാക്കായിരുന്നു. ഇക്കാലത്തെ ചരിത്രകാരന്മാരും ജീവ ചരിത്രകാരന്മാരും പൂർവ ചരിത്രകാരന്മാരും എന്തുകൊണ്ട് ഈ സുപ്രധാന കൊലപാതകത്തെ കുറിച്ച് വിശദമായി ചർച്ച ചെയ്തില്ല? അതുപോലെ അതിനെ ഒരു ആസൂത്രിത നീക്കമായി കണ്ടില്ലെന്ന ആക്ഷേപവും ഉന്നയിക്കുന്നുണ്ട്.

സുപ്രധാന ചരിത്ര ഗ്രന്ഥമായ അൽബദായ വന്നഹായയിൽ ഹദ്റത്ത് ഉമറിന്റെ വധത്തിൽ ഹുർമുസാനും ജുഫയ്നക്കും പങ്കുണ്ടെന്ന് സംശയിക്കപ്പെടുന്നുവെന്ന പരാമർശം മാത്രമാണുള്ളത്. *(അൽബദായ വന്നഹായ, വാള്യം 4 പേജ് 144, ദാറുൽകുതുബുൽഇൽമിയ്യ)* ഇതേ ഒരു സംശയത്തിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഉമർ(റ)ന്റെ ജീവചരിത്രകാരന്മാർ വളരെ തൃപ്തികരമായ ചർച്ചകൾ നടത്തി അതൊരു ഗൂഢാലോചനയുടെ ഫലമാണെന്ന് പ്രഖ്യാപിക്കുന്നുണ്ട്.

അങ്ങനെയുള്ള ചരിത്രകാരന്മാരിൽ ഒരാളാണ് മുഹമ്മദ് രിളാ സാഹിബ്. അദ്ദേഹം തന്റെ ഗ്രന്ഥമായ സീറത്ത് ഉമർ ഫാറൂഖിൽ എഴുതുന്നു: ‘മുതിർന്ന ഒരു യുദ്ധ തടവുകാരനേയും ഹദ്റത്ത് ഉമർ(റ) മദീനയിൽ വരാൻ അനുവദിക്കുമായിരുന്നില്ല. കൂഫ ഗവർണരായ ഹദ്റത്ത് മുഗീറ ബിൻ ശുഅ്ബാ(റ) അദ്ദേഹത്തിന്റെ പേരിൽ ഒരു കത്തെഴുതുകയും തന്റെ പക്കൽ ഒരു അടിമയുണ്ടെന്നും അയാൾ നല്ല ജോലി വൈദഗ്ദ്ധ്യമുള്ള ആളാണെന്നും അയാളെ മദീനയിൽ വരാൻ അനുവദിക്കണമെന്നും അതിൽ ആവശ്യപ്പെടുകയുമുണ്ടായി. ഹദ്റത്ത് മുഗീറ ബിൻ ശുഅ്ബാ പറഞ്ഞു: ‘അയാൾക്കു നന്നായി പണി അറിയാം. അത് ജനങ്ങൾക്ക് നല്ല ഉപകാരമായിത്തീരും. അയാൾ കൊല്ലനാണ്, ശില്പിയാണ്, ആശാരിയാണ്. ഹദ്റത്ത് ഉ

മർ(റ), ഹദ്റത്ത് മുഗീറക്ക് അയച്ച മറുപടിയിൽ അയാൾക്ക് മദീനയിൽ വരാനുള്ള അനുമതി നൽകുകയുണ്ടായി. ഹദ്റത്ത് മുഗീറ അയാൾക്കുമേൽ മാസത്തിൽ നൂറു ദിർഹം നികുതി ചുമത്തിയിരുന്നു. ഹദ്റത്ത് ഉമറിന്റെ അടുത്ത് അയാൾ വന്നു. തനിക്ക് മേലുള്ള നികുതി കൂടുതലാണെന്ന് അയാൾ പരാതിപ്പെട്ടു. ഹദ്റത്ത് ഉമർ ചോദിച്ചു: 'താങ്കൾക്ക് ഏത് ജോലിയാണ് നന്നായി അറിയുന്നത്?' അയാൾ തനിക്ക് നല്ലവണ്ണം അറിയുന്ന ജോലികളെ കുറിച്ച് പറഞ്ഞു. അപ്പോൾ ഉമർ(റ) പറഞ്ഞു: 'നിന്റെ ജോലികളിലുള്ള പ്രാവീണ്യം വെച്ച് നോക്കുമ്പോൾ നിനക്ക് മേലുള്ള നികുതി അത്ര കൂടുതലൊന്നുമല്ല.' അയാൾ അതുകേട്ട് ദേഷ്യപ്പെടുകയും അവിടെനിന്നു പോവുകയും ചെയ്തു. ഹദ്റത്ത് ഉമർ(റ)കുറച്ചുനാൾ കാത്തിരുന്നു. ഒരു ദിവസം അയാൾ അദ്ദേഹത്തിന്റെ അടുത്തൂടെ കടന്നു പോയി. അദ്ദേഹം അയാളെ വിളിപ്പിച്ചു. എന്നിട്ട് പറഞ്ഞു: 'നിനക്ക് കാറ്റുകൊണ്ട് പ്രവർത്തിക്കുന്ന ആട്ടുകല്ല് ഉണ്ടാക്കാനറിയാമെന്ന് ഞാനറിഞ്ഞു.' അപ്പോൾ അയാൾ ദേഷ്യത്തോടും നീരസത്തോടുംകൂടി ഹദ്റത്ത് ഉമറിനെ നോക്കിക്കൊണ്ടു പറഞ്ഞു: 'ജനങ്ങൾക്കിടയിൽ ചർച്ച നടക്കുന്ന വിധത്തിലുള്ള ഒരു ആട്ടുകല്ല് ഞാൻ താങ്കൾക്കുവേണ്ടി ഉണ്ടാക്കുന്നതാണ്.' അയാൾ അവിടെ നിന്നുപോയപ്പോൾ ഹദ്റത്ത് ഉമർ(റ) തന്റെ കൂടെയുള്ളവരെ നോക്കി പറഞ്ഞു: 'ഈയാൾ ഇപ്പോൾ എന്നെ ഭീഷണിപ്പെടുത്തിയിട്ടാണ് പോയിട്ടുള്ളത്.' കുറച്ചുദിവസം കഴിഞ്ഞപ്പോൾ അബുലുഅ്‌ലുവ തന്റെ പുതപ്പിനുള്ളിൽ ഒരു കഠാര ഒളിപ്പിച്ചുകൊണ്ടുവന്നു. അതിന്റെ കൈപ്പിടി നടുവിലായിരുന്നു. ശഹാദത്ത് സംഭവത്തെ വിവരിച്ചതുപോലെ ആദ്യം അയാളുടെ ഒരു കുത്ത് ഹദ്റത്ത് ഉമറിന്റെ നാഭിക്കുതാഴെയാണ് കൊണ്ടത്. അറബികൾ അയാളുടെ പ്രദേശത്തെ കീഴടക്കുകയും അയാളെ തടവിലാക്കുകയും അയാളുടെ രാജാവിനെ നിന്ദിതനും അവഹേളിതനുമാക്കി നാടുവിട്ടോടാൻ നിർബന്ധിതനാക്കുകയും ചെയ്തിരുന്ന കാരണത്താൽ, അയാൾക്ക് ഹദ്റത്ത് ഉമറിനോട് പകയുണ്ടായിരുന്നു. അയാൾ പ്രായം കുറഞ്ഞ തടവുകാരെ കാണുമ്പോഴൊക്കെ അവരെ തലോടി കരഞ്ഞുകൊണ്ട്, 'തന്റെ കരൾ തുണ്ടംതുണ്ടമായിപ്പോയി' എന്നു പറയുമായിരുന്നു. അബുലുഅ്‌ലുവ ഹദ്റത്ത് ഉമറിനെ വധിക്കാൻ തീരുമാനിച്ചുറപ്പിച്ചപ്പോൾ അയാൾ തന്റെ ഇരുതല മൂർച്ചയുള്ള കഠാരയ്ക്ക് മൂർച്ച കൂട്ടുകയും അതിൽ വിഷം പുരട്ടുകയും ചെയ്തുകൊണ്ട് ഹുർമുസാന്റെ അടുത്തുവന്നു. എന്നിട്ട് ആ കഠാരയെ കുറിച്ചുള്ള അയാളുടെ അഭിപ്രായം ആരാഞ്ഞു. അപ്പോൾ അയാൾ പറഞ്ഞു: 'ഇതുകൊണ്ട് നീ ആരെ ആക്രമിച്ചാലും ഒറ്റയടിക്ക് അയാളുടെ കഥ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്.' ഹുർമുസാൻ പേർഷ്യക്കാരുടെ സേനാനായകന്മാരിൽ ഒരാളായിരുന്നു. മുസ്‌ലിമീങ്ങൾ അയാളെ തുസ്തുർ എന്ന സ്ഥലത്തുവെച്ചാണ് തടവിലാക്കിയത്. എന്നിട്ട് അയാളെ മദീനയിലേക്ക് പറഞ്ഞയച്ചതാണ്. ഹദ്റത്ത് ഉമറിനെ കണ്ടപ്പോൾ അയാൾ ചോദിച്ചു: 'ഇദ്ദേഹത്തിന്റെ അംഗരക്ഷകരും പരിവാരങ്ങളും എവിടെയാണ്?' ഇതേ കുറിച്ച് ഞാൻ മുമ്പേയും വിവരിച്ചിട്ടുള്ളതാണ്. സ്വഹാബത്ത് പറഞ്ഞു: 'അദ്ദേഹത്തിന് ഒരുവിധ അംഗരക്ഷകനോ പരിചാരകനോ സെക്രട്ടറിയോ എഴുത്താളനോ ഒന്നുംതന്നെയില്ല. അങ്ങനെയാണെങ്കിൽ ഇദ്ദേഹം നബിയാണല്ലോ ആകേണ്ടിയിരുന്നത്.' എന്തായാലും പിന്നീടയാൾ മുസ്‌ലിമായി. ഹദ്റത്ത് ഉമർ അയാൾക്ക് രണ്ടായിരം വെച്ച് സ്റ്റൈപെൻഡ് നിശ്ചയിക്കുകയും അയാളെ മദീനയിൽ താമസിപ്പിക്കുകയും ചെയ്തു.

ത്വബഖാത്ത് ഇബ്നുസഅ്ദിൽ നാഫിഅ്ന്റെ സനദോടുകൂടി(പ്രമാണപത്രത്തോടുകൂടി) ഒരു നിവേദനം രേഖപ്പെടുത്തിയിട്ടുണ്ട്. 'ഹദ്റത്ത് ഉമറിനെ ശഹീദാക്കാൻ ഉപയോഗിച്ച കഠാര കണ്ടപ്പോൾ താൻ കഴിഞ്ഞ ദിവസം ഇതേ കഠാര ഹുർമുസാന്റേയും ജുഫയ്നയുടേയും പക്കൽ കാണുകയുണ്ടായെന്നും നിങ്ങൾക്കെന്തിനാണ് ഈ കഠാര എന്ന് താൻ അവരോട് ചോദിച്ചപ്പോൾ, തങ്ങൾ ഇതുപയോഗിച്ചാണ് ഇറച്ചി വെട്ടുന്നതെന്നും തങ്ങൾ ഇറച്ചി കൈകൊണ്ട് തൊടാറില്ലെന്നും അവർ പറഞ്ഞതായി ഹദ്റത്ത് അബ്ദുർറഹ്മാൻ(റ)പറയുകയുണ്ടായി. ഹദ്റത്ത് ഉബയ്ദുല്ലാഹ് ബിൻ ഉമർ(റ), ഹദ്റത്ത് അബ്ദുർറഹ്മാനോട് ചോദിച്ചു: 'അവരുടെ രണ്ടുപേരുടെയും പക്കൽ താങ്കൾ ഈ കഠാര തന്നെയാണോ കണ്ടത്?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അതെ! ഈ കഠാര തന്നെയാണ് അത്.' അപ്പോൾ ഹദ്റത്ത് ഉബയ്ദുല്ലാഹ് ബിൻ ഉമർ തന്റെ വാളും കൈയിലെടുത്ത് അവരുടെ അടുത്തു വരികയും അവരെ വധിക്കുകയും ചെയ്തു. ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് ഉബയ്ദുല്ലായെ വിളിപ്പിക്കുകയും ഇവരിരുവർക്കും നമ്മൾ അഭയം നല്കിയിരിക്കെ എന്തുകാരണത്താലാണ് താങ്കൾ പ്രകോപിതനായി ഇവരിരുവരേയും വധിച്ചതെന്ന് ചോദിക്കുകയും ചെയ്തു. അതുകേട്ടതും ഹദ്റത്ത് ഉബയ്ദുല്ലാഹ്, ഹദ്റത്ത് ഉഥ്മാനെ വലിച്ച് നിലത്തിട്ടു. അപ്പോൾത്തന്നെ ആളുകൾ മുന്നോട്ടുവന്ന് ഹദ്റത്ത് ഉബയ്ദുല്ലായിൽനിന്നു ഹദ്റത്ത് ഉഥ്മാനെ രക്ഷിച്ചു. ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് ഉബയ്ദുല്ലായെ വിളിപ്പിച്ചപ്പോൾ അദ്ദേഹം തന്റെ വാൾ അരപ്പട്ടയിൽ തൂക്കിയിരുന്നു. അതുകണ്ട് ഹദ്റത്ത് അബ്ദുർറഹ്മാൻ അദ്ദേഹത്തോട് ആ വാൾ ഊരിവെക്കാൻ കർശനമായി പറയുകയും അദ്ദേഹം അത് ഊരിവെക്കുകയും ചെയ്തു.

സയീദ് ബിൻ മുസയ്യിബിൽ നിന്നുമൊരു നിവേദനമുണ്ട്. ഈ നിവേദനം എത്രത്തോളം സത്യമാണെന്ന് അല്ലാഹുവിനു മാത്രമേ അറിയുകയുള്ളൂ. ഹദ്റത്ത് ഉഥ്മാന്റെ സംഭവം വന്നിട്ടുള്ള മറ്റു നിവേദനങ്ങളും ഇവിടെ പറയുകയുണ്ടായി. ഈ നിവേദനം എത്രത്തോളം ശരിയാണെന്ന് അറിയില്ല. പറയുന്നു: ഹദ്റത്ത് ഉമറിനെ ശഹീദാക്കിയപ്പോൾ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ അബീ ബക്ർ പറഞ്ഞു: 'ഞാൻ ഹദ്റത്ത് ഉമറിന്റെ ഘാതകൻ അബുലുഅ്‌ലുവയുടെ സമീപത്തുകൂടി പോകാനിടയായി. അപ്പോൾ അയാളുടെ അടുക്കൽ ഹുർമുസാനും ജുഫയ്നയുമുണ്ടായിരുന്നു. അവർ തമ്മിൽ സ്വകാര്യം പറയുകയായിരുന്നു. ഞാൻ പെട്ടെന്ന് അവിടെ എത്തിപ്പെട്ടപ്പോൾ അവർ അവിടെനിന്ന് ഓടി. അപ്പോൾ കൈപിടിയുള്ള ഇരുതലമൂർച്ചയുള്ള ഒരു കഠാര അവർക്കു രണ്ടുപേർക്കുമിടയിൽ വീണു. നോക്കുക, ഏതൊരു കഠാരകൊണ്ടാണോ ഹദ്റത്ത് ഉമർ ശഹീദാക്കപ്പെട്ടത്, അത് എങ്ങനെയുള്ളതായിരുന്നു. അവർ നോക്കിയപ്പോൾ ആ കഠാര ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ അബീ ബക്ർ വിവരിച്ചതുപോലെയുള്ളതു തന്നെയായിരുന്നു.

ഹദ്റത്ത് ഉബയ്ദുല്ലാഹ് ബിൻ ഉമർ, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ അബീ ബക്റിൽനിന്നു ഇതു കേട്ടപ്പോൾ വാളുമെടുത്ത് പുറപ്പെട്ടു. എന്നിട്ട് ഹുർമുസാനെ വിളിച്ചു. അയാൾ ഞങ്ങളുടെ അടുക്കൽ വന്നപ്പോൾ ഞങ്ങളുടെ കൂടെ വരൂ എന്ന് അയാളോട് പറഞ്ഞു. എന്നിട്ട് ഞങ്ങൾ കുതിരയുടെ വേഗം കുറച്ചു. അങ്ങനെ അയാളിൽനിന്നു പിറകോട്ടുമാറി. അയാൾ ഞങ്ങളുടെ മുന്നിൽ സഞ്ചരിക്കാൻ തുടങ്ങിയതും അദ്ദേഹം അയാളെ വെട്ടി. ഹദ്റത്ത് ഉബയ്ദുല്ലാഹ് ബിൻ ഉമർ പറയുന്നു: 'അയാൾക്ക് വെട്ടേറ്റപ്പോൾ അയാൾ 'ലാഇലാഹ ഇല്ലല്ലാഹ്' എന്നു പറഞ്ഞു. ഹദ്റത്ത് ഉബയ്ദുല്ലാഹ് പറയുന്നു: 'ഞാൻ ജുഫയ്നയെ വിളിച്ചു. അയാൾ ഹീറയിലെ ക്രിസ്ത്യാനികളിൽപ്പെട്ട ആളായിരുന്നു. അയാൾ സഅ്ദ് ബിൻ അബി വഖാസിന്റെ സഹായിയായിരുന്നു. അദ്ദേഹം അവർക്കിടയിലുണ്ടായ രഞ്ജിപ്പിനുവേണ്ടി അയാളെ മദീനയിലേക്ക് അയച്ചതായിരുന്നു. അയാൾ മദീനയിൽ എഴുത്ത് പഠിപ്പിക്കുമായിരുന്നു. ഞാൻ അയാളെ വെട്ടിയപ്പോൾ അയാൾ തന്റെ കണ്ണുകൾക്കു മുമ്പിൽ കുരിശ് വരക്കുകയുണ്ടായി. പിന്നീട് ഹദ്റത്ത് ഉബയ്ദുല്ലാഹ് മുന്നോട്ട് നീങ്ങുകയും താൻ മുസ്‌ലിമാണെന്ന് വാദിച്ചുകൊണ്ടിരുന്ന അബുലുഅ്‌ലുവയുടെ മകളെ വധിക്കുകയും ചെയ്തു. താൻ ഇന്ന് മദീനയിലെ ഒരു തടവുകാരെയും ജീവനോടെ വിടില്ലെന്നാണ് ഹദ്റത്ത് അബ്ദുല്ലാഹ് തീരുമാനിച്ചുറച്ചത്. മുഹാജിരീങ്ങൾ ഒരുമിച്ചുചേർന്ന് അദ്ദേഹത്തെ എതിർക്കുകയും തടയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ! ഞാൻ അവരെയെല്ലാം വധിക്കുകതന്നെ ചെയ്യും.' മുഹാജിരീങ്ങളെയും അദ്ദേഹം വകവെച്ചില്ല. അങ്ങനെ ഹദ്റത്ത് അംറ് ബിൻ ആസ് അദ്ദേഹവുമായി തുടർച്ചയായി ചർച്ചയിൽ ഏർപ്പെട്ടു. അവസാനം അദ്ദേഹം വാൾ അംറ് ബിൻ ആസിനെ ഏൽപിച്ചു. പിന്നെ ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ് അദ്ദേഹത്തിന്റെ അടുത്തെത്തിയപ്പോൾ ഇരുവരും നെറ്റിയുടെമേലുള്ള മുടിക്കു കുത്തിപിടിച്ചു. ചുരുക്കത്തിൽ അദ്ദേഹം ഹുർമുസാൻ, ജുഫയ്ന, അബുലുഅ്‌ലുവയുടെ മകൾ എന്നിവരെ വധിച്ചു.

ഹദ്റത്ത് ഉമറിനെ വധിക്കാൻ അബുലുഅ്‌ലുവയെ പ്രകോപിപ്പിച്ച കാര്യകാരണങ്ങളെല്ലാംതന്നെ ഇവിടെ വിവരിച്ചുകഴിഞ്ഞു. ഈ വധം ഒരു ഗൂഢാലോചനയുടെ ഫലമായിരുന്നുവെന്ന അഭിപ്രായമുള്ള ചരിത്രകാരന്മാർ എഴുതുന്നത് നമുക്ക് ലഭിച്ചിരിക്കുന്ന നിവേദനങ്ങളെല്ലാംതന്നെ തൽകാര്യത്തിലേക്കാണ് സൂചന നൽകുന്നതെന്നാണ്. ഹുർമുസാനാണ് എല്ലാ ആസൂത്രണങ്ങൾക്കും ചുക്കാൻ പിടിച്ചത്. അയാളാണ് ഹദ്റത്ത് ഉമറിനെതിരെ അബൂലുഅ്‌ലുവയുടെ പകയും വിദ്വേഷവും കൂടുതൽ ആളിക്കത്തിച്ചത്. ഇവർ രണ്ടു പേരും അജ്മികളായിരുന്നു. ഹുർമുസാനെ ബന്ദിയാക്കുകയും മദീനയിലേക്ക് അയക്കുകയും ചെയ്തപ്പോൾ ഖലീഫ, തന്നെ വധിക്കുമെന്ന

ഭയംകൊണ്ടാണ് അയാൾ ഇസ്‌ലാം സ്വീക രിച്ചതുതന്നെ.

ഹദ്റത്ത് ഉമറിനെ ശഹീദാക്കാൻ ഉപയോഗിച്ച ഈ കഠാര അബ്ദുർറഹ്മാൻ ബിൻ ഔഫ് (റ) കണ്ടിരുന്നുവെന്ന് ത്വബഖാത്ത് ഇബ്നു സഅ്ദിൽ നാഫിഅ്ന്റെ നിവേദനം രേഖപ്പെട്ടു കിടക്കുന്നു. അബൂലുഅ്ലുവ, ജുഫയ്ന, ഹുർമുസാൻ എന്നിവരുടെ അടുക്കലേക്ക് യാദൃച്ഛികമായി വന്നപ്പോൾ അവർ നടന്നു നീങ്ങുകയും അവരുടെ ഇടയിൽ ഈ ക ഠാര വീണുപോകുകയും ചെയ്തതായി അബ് ദുർറഹ്മാൻ ബിൻ അബീ ബക്ർ കണ്ടി രുന്നുവെന്ന് സഈദ് ബിൻ മുസയ്യിബിന്റെ നിവേദനം ത്വബരിയിൽ രേഖപ്പെട്ടു കിടക്കുന്നു. ഹദ്റത്ത് ഉബയ്ദുല്ലാഹ് ബിൻ ഉമർ(റ) അക്കാര്യം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ അബീ ബക്റിൽനിന്നു കേട്ടപ്പോൾ പെട്ടെ ന്നുതന്നെ അവരെ വധിച്ചു. എന്നാൽ, അതു കൊണ്ട് മതിയാകാതെ അദ്ദേഹം പ്രതികാ രവാഞ്ചക്കടിപ്പെട്ട് അബുലുഅ്ലുവയുടെ മക ളെയും വധിച്ചു. ഹദ്റത്ത് ഉമറിനെ ശഹീ ദാക്കിയ അതെ കഠാരയെ കുറിച്ചുത ന്നെയായിരുന്നു അബ്ദുർറഹ്മാൻ ബിൻ അബീ ബക്ർ പറഞ്ഞത്. ഹദ്റത്ത് ഉബ യ്ദുല്ലാഹ് ബിൻ ഉമർ ഹുർമുസാനേയും ജുഫയ്നയേയും വധിക്കുന്ന കാര്യത്തിൽ ധിറുതികാണിച്ചിരുന്നില്ലെങ്കിൽ അവരുടെ പങ്കാളിത്തത്തെ കുറിച്ച് സ്ഥിരീകരിക്കാൻ അവരെ വിളിച്ചുവരുത്തി അന്വേഷിക്കുകയും അങ്ങനെ ഈ ഗൂഢപദ്ധതിയെ കുറിച്ചുള്ള കാര്യങ്ങൾ പുറത്തുകൊണ്ടുവരാൻ സാധി ക്കുകയും ചെയ്യുമായിരുന്നു. ഇക്കാര്യങ്ങ ളൊക്കെ മുന്നിൽ വെച്ചാൽ ഇതൊരു ആ സൂത്രിത നീക്കമായിരുന്നുവെന്ന കാര്യം പ കൽ വെളിച്ചംപോലെ മനസ്സിലാകുന്നതാണ്. അതുപോലെ ഈ പദ്ധതി നടപ്പിൽ വരു ത്തിയതും ഹദ്റത്ത് ഉമറിന്റെ ഘാതകനായ അബൂലുഅ്ലുവ തന്നെയാണെന്നും മനസ്സി ലാകുന്നുണ്ട്. ഇതൊക്കെ ഇതൊരു ആസൂത്രിത കൊലപാതകമാണെന്നപക്ഷമുള്ളവർ പറയു ന്ന കാര്യങ്ങളാണ്. *(സീറത്ത് ഉമർഫാറൂഖ്, മുഹമ്മദു രിളാ, മുത്തർജിം മുഹമ്മദ് സർവർ ഗോഹർ സാഹിബ്, പേജ് 340-344)*

മറ്റൊരു ജീവചരിത്രകാരനായ മുഹമ്മദ് ഹുസയ്ൻ ഹയ്ക്കൽ തന്റെ ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതുന്നു: 'സംഭവിച്ചതിതാണ്. മുസ്‌ലിമീങ്ങൾക്ക് പേർഷ്യക്കാരുടെയും ക്രി സ്ത്യാനികളുടെയുംമേൽ ആധിപത്യം ലഭി ക്കുകയും ആ രാജ്യങ്ങളിൽ മുസ്‌ലിമീങ്ങൾക്ക് ഭരണാധികാരം ലഭിക്കുകയും പേർഷ്യൻ രാജാവിനെ കനത്ത പരാജയം നല്കി നാടുവിട്ടോടാൻ മുസ്‌ലിമീങ്ങൾ നിർബന്ധി തരാക്കുകയും ചെയ്തത് മുതൽ പേർഷ്യയിലെ ജൂതരുടേയും ക്രിസ്ത്യാനികളുടേയും മന സ്സിൽ അറബികൾക്കെതിരെ പ്രത്യേകിച്ച് ഹദ്റത്ത് ഉമർ(റ)നെതിരെ പകയും വിദ്വേ ഷവും നിറയുകയും അവർ അതു മറച്ചു വെക്കുകയും ചെയ്തിരുന്നു. ആ സമയത്ത് ജനങ്ങൾക്കിടയിൽ അവരുടെ ഈ പക യെയും വിദ്വേഷത്തെയും കുറിച്ചുള്ള ചർച്ച യും നടന്നിരുന്നു. ഹദ്റത്ത് ഉമറിനെ വധി ച്ചയാൾ അബൂലുഅ്ലുവ എന്ന പേർഷ്യ ക്കാരനാണെന്ന് അറിഞ്ഞശേഷം അവർക്ക് ഹദ്റത്ത് ഉമർ പറഞ്ഞ കാര്യവും ഓർമ വരികയുണ്ടായി. ഹദ്റത്ത് ഉമർ(റ)പറഞ്ഞു: 'മതവും വിശ്വാസവുമില്ലാത്ത ആരെയും ഇങ്ങോട്ടു വലിച്ചിഴച്ചുകൊണ്ടുവരരുതെന്ന് ഞാൻ നിങ്ങളെ വിലക്കിയിട്ടുണ്ടായിരുന്നു. എന്നാൽ, ഞാൻ പറഞ്ഞത് നിങ്ങൾ കേട്ടില്ല. മദീനയിൽ വിശ്വാസികളല്ലാത്ത അജ്മികളുടെ എണ്ണം വളരെ കുറവായിരുന്നെങ്കിലും പകയും വി ദ്വേഷവും കൂടെക്കൊണ്ട് നടക്കുകയും അ ത്തരം വികാരങ്ങൾ എപ്പോഴും ജ്വലിപ്പിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു സം ഘം അവരുടെ ഇടയിലുണ്ടായിരുന്നു. ആർ ക്കറിയാം! അതു ചിലപ്പോൾ അക്കൂട്ടരുടെ പദ്ധതിയുമായേക്കാം. അബൂലുഅ്ലുവയുടെ പ്രവൃത്തി അതിന്റെ ഫലമായും ആയിരിക്കാം. ഇസ്‌ലാമിന്റെ ശത്രുക്കൾ തങ്ങളുടെ പക യുടെയും ശത്രുതയുടെയും ദാഹം ശമി പ്പിക്കാൻ വിരിച്ച ഒരു വലയുമായിരിക്കാം അത്. അങ്ങനെ ചെയ്ത് അറബികളുടെ ഐക്യവും അഖണ്ഡതയും തകർത്ത് തരിപ്പണമാക്കി മുസ്‌ലിമീങ്ങളുടെ ശക്തി ക്ഷയിപ്പിക്കാമെന്ന് അവർ കരുതിയുമിരിക്കാം.

ഹദ്റത്ത് ഉമർ(റ)ന്റെ മക്കൾക്കായിരുന്നു യാഥാർഥ്യം മനസ്സിലാക്കുന്ന കാര്യത്തിൽ കൂടുതൽ വ്യഗ്രതയുണ്ടായിരുന്നത്. ആ രഹ സ്യത്തിൽനിന്നു മറ നീക്കി അതിന്റെ അടി ത്തട്ടിലേക്കെത്താൻ അബൂലുഅ്ലുവ ഫിറോസ് ആത്മഹത്യ ചെയ്തില്ലായിരുന്നെങ്കിൽ അവർ ക്ക് സാധിച്ചേനെ. എന്നാൽ, എന്ത് ചെയ്യാൻ! അയാൾ ആത്മഹത്യ ചെയ്തുകൊണ്ട് ആ രഹസ്യത്തെ തന്നോടൊപ്പം ഖബറിൽകൊ ണ്ടുപോയപ്പോൾ കാര്യം അവസാനിച്ചു. ഇപ്പോൾ ഈ രഹസ്യം കണ്ടെത്തുന്നതിന് ഒരുവഴിയും ഇല്ലാതായോ? ഈ കൊലപാതകം ഗൂഢാലോചനയായിരുന്നോ? സത്യം വെളി പ്പെടണമെന്ന് ആഗ്രഹിക്കുന്ന ചരിത്രകാരന്മാർ ചോദിക്കുന്ന കാര്യമാണിത്. എന്നുമാത്രമല്ല നിയതിനിയമം നടപ്പാലാക്കാൻ നിയോഗിത രായിട്ടുള്ളവർ(മലക്കുകൾ) ആഗ്രഹിച്ചിരുന്ന തും ഈ രഹസ്യത്തെ കുറിച്ച് അറേബ്യായി ലെ ഏതെങ്കിലും ഒരു പ്രമുഖൻ അറിയു കയും ആ ഗൂഢാലോചനയെ കുറിച്ചുള്ള തെളിവ് സമർപിക്കുകയും ചെയ്യണമെന്നാണ്. ഹദ്റത്ത് ഉമറിനെ ശഹീദാക്കിയ കഠാര കണ്ടപ്പോൾ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറഞ്ഞു: 'ഈ കഠാര ഞാൻ ഇന്ന ലെ ഹുർമുസാന്റേയും ജുഫയ്നയുടേയും അടുത്ത് കണ്ടിരുന്നു. നിങ്ങൾക്കിതെന്തി നാണെന്ന് ഞാൻ അവരോട് ചോദിക്കുക യും ചെയ്തിരുന്നു. അപ്പോൾ അവർ പറഞ്ഞത്, 'ഇത് ഇറച്ചി വെട്ടാനാണെന്നും തങ്ങൾ ഇറച്ചി കൈകൊണ്ട് തൊടാറില്ലെന്നുമാണ്.' ഹദ്റ ത്ത് അബ്ദുർറഹ്മാൻ ബിൻ അബീബക്ർ(റ) പറഞ്ഞു: 'ഞാൻ ഹദ്റത്ത് ഉമർ(റ)ന്റെ ഘാതകനായ അബൂലുഅ്ലുവായുടെ അടു ത്തൂടെ കടന്നുപോകുമ്പോൾ അയാൾ ജു ഫയ്നയുടെയും ഹുർമുസാന്റേയും കൂടെ ഉണ്ടായിരുന്നു. അവർ പാത്തും പതുങ്ങിയും സംസാരിക്കുകയായിരുന്നു. ഞാൻ പെട്ടെന്ന് അവരുടെ അടുത്തെത്തിയപ്പോൾ അവർ വിരണ്ടോടി. അവരുടെ ഇടയിൽ ഒരു കഠാര വീണു. അത് ഇരുതല മൂർച്ചയുള്ളതായിരുന്നു. നടുവിലായിരുന്നു അതിന്റെ കൈപ്പിടി. എന്നിട്ട് ഹദ്റത്ത് ഉമറിനെ ശഹീദാക്കിയ കഠാര എങ്ങനെയാണെന്ന് കാണിച്ചു തരികയെന്ന് പറഞ്ഞു. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ അബീബക്ർ(റ) പറഞ്ഞ അതെ കഠാരതന്നെ യായിരുന്നു അതെന്ന് ജനങ്ങൾക്ക് മനസ്സിലായി. ചരിത്രകാരൻ പറയുന്നു: 'ഇനി ഇക്കാര്യത്തിൽ ഒരുവിധ സംശയവും ബാക്കിയില്ല. കാരണം ഈ രണ്ടുപേരും സത്യസന്ധരായ സാക്ഷികളാണ്. മാത്രമല്ല മുസ്‌ലിമീങ്ങൾ ക്കിടയിൽ ഏറ്റവും കൂടുതൽ വിശ്വാസ യോഗ്യരുമാണ്. അത്തരം ആളുകളാണ് ഹദ് റത്ത് ഉമറിനെ ശഹീദാക്കിയ അതെ കഠാര തന്നെയാണ് ഹുർമുസാന്റേയും ജുഫയ്ന യുടേയും അടുത്തുണ്ടായിരുന്നതെന്ന് സാക്ഷി പറയുന്നത്. അതിൽ ഒരു സാക്ഷി പറയുന്നത്, ഘാതകൻ അബൂലുഅ്ലുവായെ സംഭവം നടക്കുന്നതിന്റെ തലേന്ന് ആ രണ്ടുപേ രോടൊത്ത് ഗൂഢാലോചന നടത്തുന്നത് ക ണ്ടെന്നാണ്. രണ്ടു സാക്ഷികളുടെയും മൊ ഴികളുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഉമറി നുമേൽ ആക്രമണം നടന്നത് രാവിലെയും അതിന്റെ തൊട്ടുതലേന്ന് രാത്രിയാണ് ഇവർ ഗൂഢാലോചന നടത്തിയതെന്നുമാണ്. എന്നിട്ടും അമീറുൽ മുഅ്മിനീൻ ആ ഗൂഢാലോചന യുടെ ഇരയായ കാര്യം അതുപോലെതന്നെ അതിന്റെ മുഖ്യസൂത്രധാരകന്മാർ ഈ മൂന്നുപേ രാണെന്ന കാര്യത്തിൽ ആർക്കെങ്കിലും സംശയത്തിന് വകയുണ്ടോ? എന്നാൽ, മറ്റുപേ ർഷ്യക്കാരും അതുപോലെ മുസ്‌ലിമീങ്ങളുടെ ആധിപത്യമുണ്ടായ പ്രദേശത്തെ ആളുകളും അതിൽ പങ്കെടുത്തിട്ടുണ്ടാവാം.

അബ്ദുർറഹ്മാൻ ബിൻ ഔഫ് പറഞ്ഞ കാര്യവും അബ്ദുർറഹ്മാൻ ബിൻ അബീ ബക്റിന്റെ സാക്ഷ്യവും കേട്ടതും ഹദ്റത്ത് ഉബയ്ദുല്ലാഹ് ബിൻ ഉമർ(റ)ന്റെ കണ്ണുകളിൽ പ്രപഞ്ചം മുഴുവൻ ചോരയിൽ കുതിർന്നു നിന്നു. മദീനയിലുള്ള പരദേശികളെല്ലാം ഈ ഗൂഢാലോചനയിൽ ഭാഗഭാക്കാണെന്നും അവരുടെയെല്ലാം കൈകളിൽനിന്നു ഈ അപാരാധത്തിന്റെ രക്തം ഒലിക്കുന്നുണ്ടെന്നും അദ്ദേഹം മനസ്സിലുറപ്പിച്ചു. അദ്ദേഹം ഉടനടി വാളെടുത്ത് പുറപ്പെടുകയും ഏറ്റവുമാദ്യം ഹുർമുസാന്റേയും ജുഫയ്നയുടേയും കഥ കഴിക്കുകയും ചെയ്തു. അദ്ദേഹം ഹുർ മുസാനെ ഉറക്കെ വിളിച്ചുവെന്നും അയാൾ പുറത്തേക്ക് വന്നപ്പോൾ 'തന്റെ അടുത്തേക്ക് വരാനും തന്റെ കുതിരയെ നോക്കാനും പ റഞ്ഞുവെന്നും അപ്പോൾ അദ്ദേഹം പിന്നാക്കം നീങ്ങുകയും അയാൾ മുൻ വശത്തായപ്പോൾ അയാളെ വെട്ടിയെന്നുമാണ് നിവേദനത്തിൽ വന്നിട്ടുള്ളത്. വെട്ടുകൊണ്ടുടനെ ആ പേ ർഷ്യക്കാരൻ 'ലാഇലാഹ്' എന്നു ചൊല്ലി മരിച്ചുവീണു. നിവേദനത്തിൽ വന്നിരിക്കുന്നു, ഹദ്റത്ത് ഉമറിന്റെ മകനായ ഹദ്റത്ത് ഉബയ്ദുല്ലാഹ് ബിൻ ഉമർ(റ)പറഞ്ഞു: പിന്നെ ഞാൻ ജുഫയ്നയെ വിളിച്ചു. അയാൾ ഹീറ യിലെ ഒരു ക്രിസ്ത്യാനിയായിരുന്നു. സഅ്ദ് ബിൻ അബി വഖാസ്വുമായി മുലകുടി ബ ന്ധമുള്ള സഹോദരനുമായിരുന്നു. ആ ബന്ധം കാരണം സഅ്ദ് അയാളെ മദീനയിൽ കൊണ്ടു വന്നതായിരുന്നു. അവിടെ അയാൾ ജനങ്ങളെ എഴുത്തും വായനയും അഭ്യസിപ്പിച്ചിരുന്നു. ഞാൻ അയാളുടെ നേരെ വാൾ വീശിയപ്പോൾ അയാൾ തന്റെ രണ്ടു കണ്ണുകൾക്കും മുന്നിൽ കുരിശു വരച്ചു. ഹദ്റത്ത് അബ്ദുല്ലയുടെ മറ്റൊരു സഹോദരനും തന്റെ പിതാവിന്റെ ശഹാദത്തിൽ കുറച്ചൊന്നുമല്ല കോപമുണ്ടാ യത്. ഏറ്റവും കൂടുതൽ കോപമുണ്ടായിരു ന്നത് ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഹഫ് സ്വ(റ)ക്കായിരുന്നു. എന്തായാലും അദ്ദേഹം ചെയ്ത ഈ പ്രവൃത്തി നിയമം അനു വദിക്കാത്തതായിരുന്നു. സ്വയം പ്രതികാരം

വീട്ടാൻ ഇറങ്ങി പുറപ്പെടാനോ തന്റെ അവകാശം സ്വയം നേടിയെടുക്കാനോ ആർക്കും തന്നെ അധികാരമില്ല. ഇത്തരം കാര്യങ്ങളുടെ തീരുമാനം എടുത്തിരുന്നത് നബി(സ) തിരുമേനിയും നബിതിരുമേനിയെ തുടർന്ന് ഖുലഫാഉർറാശിദീങ്ങളുമായിരുന്നു. അവർ ജനങ്ങൾക്കിടയിൽ നീതിയോടെ വിധി കൽപിക്കുകയും കുറ്റവാളിക്കെതിരെ തത്തുല്യമായ പ്രതിക്രിയാ നടപടി കൈക്കൊള്ളുകയും ചെയ്യുകയാണ് പതിവ്. അതു കൊണ്ടുതന്നെ തന്റെ പിതാവിന്റെ ജീവൻ അപഹരിക്കപ്പെട്ട സംഭവത്തിന്റെ പിറകിലുള്ള ഗൂഢാലോചനയെ കുറിച്ച് അറിഞ്ഞപ്പോൾ, അതെക്കുറിച്ച് വിധി കൽപിക്കാൻ ഖലീഫയെ സമീപിക്കുകയുയായിരുന്നു ഹദ്റത്ത് ഉബയ്ദുല്ലാഹ് ചെയ്യേണ്ടിയിരുന്നത്. അങ്ങനെ അതൊരു ഗൂഢാലോചനയാണെന്ന് തെളിഞ്ഞാൽ അദ്ദേഹം പ്രതിക്രിയാ നടപടിക്ക് കല്പിക്കുമായിരുന്നു. ഇനി തെളിയാതിരിക്കുകയും ഖലീഫയുടെ മനസ്സിൽ അക്കാര്യം സംശയാസ്പദമായി തോന്നുകയും ചെയ്താൽ അതിന്റെ അടിസ്ഥാനത്തിൽ ശിക്ഷയിൽ ഇളവ് വരുത്തുകയോ അതുമല്ലെങ്കിൽ അബൂലുഅ്‌ലുവയെ മാത്രം അപരാധിയായി വിധിക്കുകയോ ചെയ്യുമായിരുന്നു. *(അൽഫാറൂഖ് ഉമർ(റ), മുഹമ്മദ് ഹുസയ്ൻ ഹയ്ക്കൽ , മുത്തർജിം ഹബീബ് അശ്അർ, പേജ് 869-872, ഇസ്‌ലാമി കുതുബു ഖാന ഉർദുബസാർ ലാഹോർ)* എന്തയാലും നിയമപരമായി സാധുതയില്ലാത്ത കാര്യമാണ് ഉബയ്ദുല്ലാഹ് ചെയ്തത്.

ചുരുക്കത്തിൽ ഈ കൊലപാതകം ഒരു ഗൂഢാലോചന ആകാനുള്ള സാധ്യതയും തള്ളിക്കളയാനാകില്ല. ആ സമയത്തെ സ്ഥിഗതികളനുസരിച്ച് ഹദ്റത്ത് ഉഥ്മാൻ(റ)ന് പെട്ടെന്ന് അതെ കുറിച്ച് അന്വേഷണം നടത്താൻ സാധിച്ചില്ലെന്നും വരാം. അതുപോലെ ആദ്യകാല ചരിത്രകാരന്മാർ അതു സംബന്ധിച്ച് മൗനം പാലിച്ചതുമാകാം. എന്നാൽ, ഇക്കാലത്തെ ചരിത്രകാരന്മാർ ഇതര സംഭവങ്ങൾ കൂട്ടിവായിച്ചുകൊണ്ട് ഇതേക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. അവരുടെ തെളിവുകൾ കുറച്ച് പ്രബലമായും തോന്നുന്നുണ്ട്. കാരണം ഈ ഗൂഢാലോചനാ സംഘം അവിടംകൊണ്ട് നിറുത്താതെ ഹദ്റത്ത് ഉഥ്മാനെയും ഒരു ഗൂഢാലോചനയുടെ ഇരയാക്കി മാറ്റുകയുണ്ടായി. അതുപോലെ ഇസ്‌ലാമിന്റെ മുന്നേറ്റവും വിജയവും പുരോഗതിയും തടയുവാനും തങ്ങളുടെ പ്രതികാരാഗ്നി തണുപ്പിക്കാനും ബാഹ്യമായ ചില കാര്യഹേതുക്കൾ മുഖേന ഒരു ഗൂഢതന്ത്രം മെനഞ്ഞ് ഹദ്റത്ത് ഉമറിനെ ശഹീദാക്കിയതുമാകാം. വല്ലാഹു അഅ്‌ലം.

സ്വഹീഹ് മുസ്‌ലിമിൽ ഇപ്രകാരം രേഖപ്പെട്ടിരിക്കുന്നു: ഹദ്റത്ത് ഇബ്നു ഉമർ(റ) നിവേദനം. എന്റെ പിതാവിനുനേരെ വധശ്രമം നടന്നപ്പോൾ ഞാൻ അവിടെയുണ്ടായിരുന്നു. ജനങ്ങൾ അദ്ദേഹത്തെ നല്ല വണ്ണം പ്രശംസിക്കാൻ തുടങ്ങി. എന്നിട്ട് പറഞ്ഞു: 'ജസാക്കല്ലാഹു ഖയ്റാ' അല്ലാഹു അങ്ങയ്ക്ക് ഉത്തമമായ പ്രതിഫലം നൽകുമാറാകട്ടെ. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ പ്രത്യാശവെക്കുന്നവനുമാണ്. അതുപോലെ ഭയവുമുണ്ട്.' ജനങ്ങൾ പറഞ്ഞു: 'അങ്ങ് ഒരു ഖലീഫയെ നിശ്ചയിച്ചാലും.' അദ്ദേഹം പറഞ്ഞു: 'ഞാൻ നിങ്ങളുടെ ഭാരം ജീവിതത്തിലും മരണാനന്തരവും ഒരു പോലെ വഹിക്കണമെന്നാണോ പറയുന്നത്? എന്നിട്ടു പറഞ്ഞു: 'അതിൽ എന്റെ ഭാഗം സമമായിട്ടുണ്ടാകണം.' അതായത് എന്നിൽ ഒരു പിടിത്തവുമുണ്ടാകരുത്. എനിക്കൊന്നും കിട്ടുകയുമരുത്.' ഇനി ഞാൻ നിങ്ങൾക്ക് ഒരു പ്രതിനിധിയെ നിശ്ചയിച്ചുവെന്നാൽ എന്നെക്കാൾ ശ്രേഷ്ഠനായ വ്യക്തി അതായത് ഹദ്റത്ത് അബൂബക്ർ പ്രതിനിധിയെ തിരഞ്ഞെടുത്തിട്ടുണ്ടല്ലോ. അതായത് അങ്ങനെ ചെയ്താൽ ബുദ്ധിമുട്ടൊന്നുമില്ല. ഇനി ഞാൻ നിങ്ങൾക്ക് ഒരു പ്രതിനിധിയെ നിശ്ചയിക്കാതെ വിട പറയുകയാണെങ്കിൽ എന്നെക്കാൾ ശ്രേഷ്ഠനായ നബി(സ)തിരുമേനി ഒരു പ്രതിനിധിയേയും നിശ്ചയിക്കാതെ വിട്ടു പോയതുമാണല്ലോ.' അങ്ങനെ ഈ രണ്ട് ഉദാഹരണങ്ങൾ നൽകി. ഹദ്റത്ത് അബ്ദുല്ലാഹ് പറയുന്നു: 'നബി(സ)തിരുമേനിയെ കുറിച്ച് അദ്ദേഹം പറഞ്ഞതു കേട്ടപ്പോൾ അദ്ദേഹം പ്രതിനിധിയെ നിശ്ചയിക്കില്ലെന്ന് എനിക്കു മനസ്സിലായി.(സ്വഹീഹ് മുസ്‌ലിം കിതാബുൽ ഇമാറ, ഹദീഥ് 4713)

സ്വഹീഹ് മുസ്‌ലിമിൽ മറ്റൊരു നിവേദനത്തിലുണ്ട്. ഇബ്നു ഉമറിൽനിന്നു നിവേദനം. അദ്ദേഹം പറയുന്നു: 'ഞാൻ ഹദ്റത്ത് ഹഫ്സ്വയുടെ അടുത്തുപോയി. അവർ എന്നോട് പറഞ്ഞു: 'അങ്ങയുടെ പിതാവ് ഒരു പ്രതിനിധിയേയും നിശ്ചയിക്കാൻ പോകുന്നില്ലെന്ന് അങ്ങയ്ക്കറിയില്ലേ?' അദ്ദേഹം പറയുന്നു. ഞാൻ പറഞ്ഞു: 'അദ്ദേഹം അങ്ങനെ ചെയ്യില്ല. അപ്പോൾ ഹദ്റത്ത് ഹഫ്സ്വ പറഞ്ഞു: 'അദ്ദേഹം അങ്ങനെ തന്നെ ചെയ്യുന്നതാണ്.' അദ്ദേഹം പറയുന്നു: 'ഹദ്റത്ത് ഉമറിനോട് രണ്ടാമതും സംസാരിക്കുന്നതാണെന്ന് ഞാൻ ആണയിട്ടിരുന്നു. പറയുന്നു: 'പ്രഭാതംവരെ മൗനം പാലിച്ചു ഒന്നും പറഞ്ഞില്ല.' അദ്ദേഹം പറയുന്നു: 'എന്റെ ശപഥം കാരണം ഞാൻ ഒരു മല ചുമന്നതുപോലെ എനിക്കനുഭവപ്പെട്ടു. ഞാൻ അവിടെനിന്നു മടങ്ങി അദ്ദേഹത്തിന്റെ അടുത്തുപോയി. അദ്ദേഹം എന്നോട് ജനങ്ങളുടെ അവസ്ഥ അന്വേഷിച്ചു. അതായത് ഹദ്റത്ത് ഉമർ(റ)ജനങ്ങളെ കുറിച്ച് തിരക്കി. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: അവർ പറയുന്ന ഒരു കാര്യം ഞാൻ കേട്ടു. ഞാൻ ശപഥം ചെയ്തിട്ടുണ്ട്. അക്കാര്യം ഞാൻ അങ്ങയോടു പറയുന്നതാണ്. ജനങ്ങൾ കരുതുന്നത് അങ്ങ് ഒരു ഖലീഫയെ നിശ്ചയിക്കില്ലെന്നാണ്. ഇതാണ് കാര്യം. ആരെങ്കിലും അങ്ങയുടെ ഒട്ടകത്തെ മേയ്ക്കുകയോ അല്ലെങ്കിൽ ആടുകളെ മേയ്ക്കുകയോ ചെയ്യുകയാണെങ്കിൽ അയാൾ അങ്ങയുടെ അടുത്തു വരികയും അവയെ സ്വതന്ത്രമാക്കി വിട്ടുകളയുകയും ചെയ്താൽ അയാൾ അവയിൽ കുറവ് വരുത്തുന്നത് അങ്ങയ്ക്കുകാണാം. അതുകൊണ്ട് ജനങ്ങൾക്കൊരു മേൽനോട്ടക്കാരൻ ഉണ്ടാകേണ്ടത് അനിവാര്യമാണ്.' അദ്ദേഹം പറയുന്നു: ഹദ്റത്ത് ഉമർ(റ) എന്റെ വാക്കുകളോടു യോജിച്ചു. കുറച്ചുനേരം തന്റെ ശിരസ്സ് താഴ്ത്തിയിട്ടു. അതിനുശേഷം തലയുയർത്തി എന്നെ നോക്കി. എന്നിട്ട് പറഞ്ഞു: 'അല്ലാഹു സുബ്ഹാനഹു തആലാ തന്റെ ദീനിനെ സംരക്ഷിക്കുന്നതാണ്. ഞാൻ ഖലീഫയെ നിശ്ചയിക്കുന്നില്ലെങ്കിൽ നബി(സ) തിരുമേനിയും ഖലീഫയെ നിശ്ചയിച്ചിട്ടില്ലല്ലോ? ഇനി ഞാൻ ഖലീഫയെ നിശ്ചയിച്ചാൽ ഹദ്റത്ത് അബൂബക്ർ ഖലീഫയെ നിശ്ചയിച്ചതുമാണ്.' ഹദ്റത്ത് ഉമറിന്റെ മകൻ പറഞ്ഞു: 'അല്ലാഹുവാണ! ഹദ്റത്ത് ഉമർ, നബി(സ)തിരുമേനിയേയും ഹദ്റത്ത് അബൂബക്റിനെയും കുറിച്ച് പറഞ്ഞപ്പോൾ എനിക്ക് കാര്യം മനസ്സിലായി. അദ്ദേഹം ആരെയും നബി(സ)തിരുമേനിക്ക് തുല്യമായി കൽപിക്കുകയോ ആരെയെങ്കിലും ഖലീഫയായി നിശ്ചയിക്കുകയോ ചെയ്യുന്നതല്ലെന്ന്.' *(സ്വഹീഹ് മുസ്‌ലിം കിതാബുൽ ഇമാറ, ഹദീഥ് 4714)*

ഹദ്റത്ത് മിസ്‌വർ ബിൻ മഖ്റമ വിവരിക്കുന്നു: ഹദ്റത്ത് ഉമറിന് പരിക്കേറ്റപ്പോൾ അദ്ദേഹം വേദന കൊണ്ട് അസ്വസ്ഥനാകാൻ തുടങ്ങി. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)അദ്ദേഹത്തെ സമാശ്വസിപ്പിക്കാൻ ഇപ്രകാരം പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ! അങ്ങ് അല്ലാഹുവിന്റെ ദൂതരുടെ സഹവാസം ലഭിച്ചയാളാണ്. അങ്ങ് വളരെ നല്ലനിലയിൽ നബി(സ)തിരുമേനിയുടെ കൂടെ നിന്നു. അതുപോലെ അങ്ങയിൽ തൃപ്തിപ്പെട്ട അവസ്ഥയിലാണ് നബി(സ)തിരുമേനി വിടവാങ്ങിയത്. അപ്രകാരംതന്നെ ഹദ്റത്ത് അബൂബക്റിനോടൊപ്പവും അങ്ങ് ഉണ്ടായിരുന്നു. വളരെ നല്ലനിലയിലാണ് അദ്ദേഹത്തോടൊപ്പവും നിലകൊണ്ടത്. അദ്ദേഹവും വിട വാങ്ങുമ്പോൾ അങ്ങയിൽ തൃപ്തനായിരുന്നു. അതുപോലെ അങ്ങു നബി(സ)തിരുമേനിയുടെ സ്വഹാബാക്കളോടൊപ്പവുമുണ്ടായിരുന്നു. വളരെ നല്ലനിലയിലാണ് അവരോടൊപ്പവും നിലകൊണ്ടത്. അങ്ങ് അവരെ വിട്ടുപോവുകയാണെങ്കിൽ അവരെല്ലാവരും അങ്ങയിൽ തൃപ്തരായ നിലയിൽ തന്നെയായിരിക്കും. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'നബി(സ) തിരുമേനിയുടെ സഹവാ

ശേഷം പേജ് 9 ൽ

## ഹദീഥുന്നബ്‌വി(സ):

**"ആര് എന്റെമേൽ സ്വലാത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**

*(അബൂദാവൂദ്, കിതാബുൽമനാസിക്)*

## ഹദീഥുന്നബ്‌വി(സ):

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

**വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര**

**(ബദ്ർ വാള്യം 6 ലക്കം 46 പേജ് 8–ൽനിന്ന്)**

### പരിപാടിയിൽ പങ്കെടുത്തവരുടെ വികാര പ്രകടനങ്ങൾ തുടർച്ച

■ സ്ട്രാസ്ബെർഗ്(Strabourg) മസ്ജിദിന്റെ ഉൽഘാടന അവസരത്തിൽ യൂ ബാജിയ(Eubajia) സാഹിബും ബെർഗൈസ(Burgeais) സാഹിബയും പറയുന്നു: നിങ്ങളിൽനിന്ന് ഈ പിരപാടിക്കു വേണ്ടിയുള്ള ക്ഷണക്കത്ത് ലഭിക്കുന്നതിന്നു മുമ്പേ ഇന്റർനെറ്റിൽനിന്നു നിങ്ങളുടെ ജമാഅത്തിനെ കുറിച്ചുള്ള വിവരങ്ങൾ ഞങ്ങൾ ശേഖരിച്ചിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ പരിശ്രമങ്ങളെ കുറിച്ച് അറിഞ്ഞതിന്നുശേഷം ആത്മാർഥതയോടെ ക്ഷണം ഞങ്ങൾ സ്വീകരിച്ചു. ഇവിടെ മതപരമായ അനുരഞ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നു എന്നതാണ് ഞങ്ങളെ ഏറ്റവുമധികം സന്തോഷിപ്പിക്കുന്നത്. ഖലീഫയുടെ പ്രഭാഷണം വളരെ ആകർഷണീയമായിരുന്നു. മനുഷ്യാവകാശങ്ങളെ കുറിച്ചും, വിശിഷ്യാ അയൽവാസികളോടുള്ള കടമകളെ കുറിച്ചുമുള്ള ഇസ്ലാമികാധ്യാപനം അദ്ദേഹം അവതരിപ്പിച്ചു.

■ മറ്റൊറു വ്യക്തി തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:ഞാൻ വളരെ അടുത്തുള്ള ഒരു ഗ്രാമത്തിൽനിന്നാണ് വന്നത്. നിങ്ങളെ കുറിച്ചറിയാൻ ഞാനാഗ്രഹിച്ചിരുന്നു. നിങ്ങളിൽനിന്നു കേൾക്കാനും നിങ്ങളെ നേരിട്ട് കാണാനും ആഗ്രഹിച്ചിരുന്നു. അയൽവാസികളെന്ന നിലയിൽ നമ്മൾ പരസ്പരം അറിയണമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഖലീഫയുടെ പ്രഭാഷണം വിസ്മയിപ്പിക്കുന്നതായിരുന്നു. യഥാർഥത്തിൽ എനിക്ക് നിങ്ങളെ കുറിച്ച് ഒന്നും അറിയില്ല. നിങ്ങളുടെ ജമാഅത്തിനെ കുറിച്ചും അതിന്റെ ലക്ഷ്യങ്ങളെ കുറിച്ചും മറ്റും ഞാൻ അജ്ഞനാണ്. ഖലീഫയുടെ പ്രഭാഷണം വളരെയധികം സ്വാധീനം ഉളവാക്കുന്നതായിരുന്നു. ഇതിൽ സാഹോദര്യത്തെ കുറിച്ചുള്ള സന്ദേശമുണ്ടായിരുന്നു. നമ്മുടെയെല്ലാം പ്രകൃതി ആവശ്യപ്പെടുന്ന സന്ദേശമാണ് അദ്ദേഹം നല്കിയത്. സമൂഹത്തിൽ നിലനില്ക്കുന്ന ഭയാവസ്ഥയെ അദ്ദേഹം നീക്കുകയുണ്ടായി.

■ മറ്റൊരതിഥി പറയുന്നു:ഈ പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. പുതിയ ബന്ധങ്ങൾ സ്ഥാപിതമായി. ഈ കെട്ടിടം വളരെ മികച്ചതും ആകർഷണം ജനിപ്പിക്കുന്നതുമാണ്. ഞാൻ പ്രൊട്ടസ്റ്റന്റാണ്. അഭിപ്രായ സ്വാതന്ത്ര്യത്തിൽ ഉറച്ചു വിശ്വസിക്കുന്നു. മതപരമായ അനുരഞ്ജന ചർച്ചകൾ വളരെ അനിവാര്യമാണെന്നാണ് എന്റെ അഭിപ്രായം. പരസ്പരം കാണലും സംസാരിക്കലും വളരെ അനിവാര്യമാണ്.

■ മിസിസ് ഹറയ്റ്റേയും(Hurriette) അദ്ദേഹത്തിന്റെ ഭർത്താവ് ചാൾസും(Charles) പറയുന്നു: എനിക്കും എന്റെ ഭർത്താവിനും ഇവിടെ വന്നതിൽ വളരെ സന്തോഷമുണ്ട്. ഖലീഫയുടെ പ്രഭാഷണം സുപ്രധാനമായിരുന്നു. വളരെ മഹനീയമായ സന്ദേശമായിരുന്നു അത്. എന്റെ അഭിപ്രായത്തിൽ ലോകം മുഴുവനും അറിയേണ്ടതാണിത്. ഈ സന്ദേശം ലോകത്തിന് ഇന്ന് അനിവാര്യമാണ്.

■ ഹിന്ദുമതവുമായി ബന്ധമുള്ള ഒരു വനിത പറയുന്നു:ഞാൻ കമ്പ്യൂട്ടർ പ്രോഗ്രാമറാണ്. ഒരു അഹ്മദി സ്ത്രീയാണ് എനിക്കു ഇവിടെ വരാൻ ക്ഷണം നല്കിയത്. ഹിന്ദു സമൂഹവുമായിട്ടാണ് എന്റെ ബന്ധം. ഇവിടെ വന്നതിൽ ഞാൻ വളരെ സന്തോഷവതിയാണ്. വളരെ നല്ല അന്തരീക്ഷമായിരുന്നു. വളരെ പ്രിയങ്കരമായ സന്ദേശമായിരുന്നു. സ്നേഹത്തിന്റേയും ക്ഷമയുടേയും സന്ദേശം സുപ്രധാനമാണ്. ഖലീഫയുടെ പ്രസംഗത്തിലെ ഈ സന്ദേശം വളരെ പ്രാധാന്യമുള്ളതാണ്. മാനവസേവയിലുള്ള ദൃഢ വിശ്വാസവും ആ വികാരത്തെ പരത്താനുള്ള ആഗ്രഹവും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എന്നെ ആകർഷിച്ച കാര്യങ്ങളാണ്.

■ മിസ്റ്റർ ദാനിയൽ വെസ്റ്റ് സാഹിബ്(Danial West) പറയുന്നു: ഫ്രാൻസിൽ വരുന്ന അഭയാർഥികൾക്ക് മാർഗദർശനം നല്കുന്ന സംഘടനയുമായാണ് എന്റെ ബന്ധം. ഇവിടെ വരാൻ സാധിച്ചതിൽ വളരെ സന്തോഷവാനാണ്. എനിക്കു ലഭിച്ച വലിയ ബഹുമതിയാണിത്. നിങ്ങൾ നല്കുന്ന സന്ദേശമാണ് ഞങ്ങളും ചെയ്യാൻ ശ്രമിക്കുന്നത്. അതായത് സമാധാനത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശം! സ്വാതന്ത്ര്യത്തിൽ ഉറച്ചു വിശ്വസിക്കുന്ന ഖലീഫയുടെ പ്രസംഗം എനിക്ക് വളരെ നല്ലതായി തോന്നി. മതത്തിൽ വിശ്വസിക്കുന്നവരുടെ സ്വാതന്ത്ര്യത്തിനും മതത്തിൽ വിശ്വാസമില്ലാത്ത വ്യക്തികളുടെ സ്വാതന്ത്ര്യത്തിനും നിങ്ങൾ ഉറപ്പു നല്കുന്നു. ലോകജനത തികച്ചും ഇങ്ങനെ തന്നെയാണ് ആകേണ്ടതും. ഞാൻ തുടർച്ചയായി ഇവിടെ വരികയും പ്രാർഥിക്കുകയും ചെയ്യുന്നതാണ്.

■ ഒരതിഥി പറയുന്നു: ഒരു മസ്ജിദ് ഉൽഘാടനത്തിന് ആദ്യമായാണ് ഞാൻ പങ്കെടുക്കുന്നത്. ഇത് വളരെ സ്വാധീനമുളവാക്കുന്ന പരിപാടിയായിരുന്നു. ഇത്ര മഹത്തരമായ കെട്ടിടം കണ്ടപ്പോൾ വളരെ സന്തോഷം തോന്നി. ഖലീഫ തന്റെ പ്രസംഗത്തിൽ വളരെ നല്ലവണ്ണം ഇസ്ലാമിനെ അവതരിപ്പിച്ചു. സമാധാനം ഇഷ്ടപ്പെടുന്ന മതമാണ് ഇസ്ലാം എന്ന് അദ്ദേഹം പ്രസ്താവിച്ചു. ഇന്ന് ഇസ്ലാമിനെ സംബന്ധിച്ച് ധാരാളം ആശങ്കകൾ നിലനില്ക്കുന്നുണ്ട്. യാഥാർഥ്യം എന്താണെന്ന് വളരെ മികച്ച നിലയിൽ അദ്ദേഹം വിവരിച്ചു.

■ ഒരതിഥി പറയുന്നു:എന്റെ വികാരങ്ങൾ വിവരിക്കാൻ ഞാൻ അശക്തനാണ്. ഇസ്ലാമിലെ ഇങ്ങനെയൊരു പ്രസ്ഥാനത്തെ കുറിച്ച് മുമ്പേ എനിക്കൊന്നും അറിയില്ലായിരുന്നു. റോഡിൽ ചിലയാളുകളെ കണ്ടു. ഈ പരിപാടിയിൽ പങ്കെടുക്കാൻ അവരെന്നോട് പറഞ്ഞു. ഇന്റർനെറ്റിൽനിന്നു ചില വിവരങ്ങൾ കിട്ടി. തുടർന്ന് ഇവിടെ വരാനും തീരുമാനിച്ചു. എത്ര നല്ല തീരുമാനമായിരുന്നു അത്. ഇവിടെ ഞാൻ കേട്ട കാര്യങ്ങളെ കുറിച്ച് പുകഴ്ത്താതിരിക്കാൻ എനിക്ക് നിർവാഹമില്ല. ഇസ്ലാമിലെ ഈ ശാഖ തികച്ചും സമാധാനത്തിന്റേതാണ്. ഇത് ഇസ്ലാമിന്റെ യഥാർഥ ചിത്രമാണ്. മനുഷ്യത്വം തുളുമ്പുന്ന, സ്നേഹാനുകമ്പയുള്ള ഇസ്ലാമാണിത്. ഞങ്ങളോടു പറയപ്പെട്ടുകൊണ്ടിരുന്ന ഇസ്ലാം സത്യമല്ലായിരുന്നുവെന്നും അത് തികച്ചും മറ്റൊന്നായിരുന്നുവെന്നും ഇപ്പോൾ എനിക്ക് മനസ്സിലായി. ഇസ്ലാമിന്റെ സ്വഭാവപരമായ അധ്യാപനങ്ങൾ ക്രിസ്തുമതത്തിന് അനുരൂപമാണെന്ന് എനിക്ക് മനസ്സിലായി. ഖലീഫയുടെ വാക്കുകളിൽനിന്നു ഇതൊരു അസാധാരണ ജമാഅത്താണെന്ന് എനിക്ക് വ്യക്തമായി.

■ നൈസെ ബാബിലോൺസ് സാഹിബ (Nize Babylons) പറയുന്നു: ഈ പരിപാടി വളരെ പ്രാധാന്യമുൾക്കൊള്ളുന്നതാണ്. കാരണം ഇത് നമ്മെ ഐക്യപ്പെടുത്തുന്നതാണ്. ലോകരിൽ വിദ്വേഷം സംജാതമായിരിക്കുന്ന ഇക്കാലഘട്ടത്തിൽ ഇത്തരത്തിലുള്ള പരിപാടികൾ പ്രതീക്ഷയുടെ പ്രകാശമാണ്. ഇസ്ലാംമതത്തെ കുറിച്ച് പ്രചരിപ്പിക്കപ്പെടുന്ന കാര്യങ്ങൾ കേവലം ചതിയാണെന്ന് ജനങ്ങൾ മനസ്സിലാക്കേണ്ടതാണ്. മതം സ്നേഹത്തിന്റെ അധ്യാപനം നല്കുന്നു. മതം ദൈവത്തെ കുറിച്ചുള്ള കാര്യങ്ങളാണ് പറയുന്നത്. അത് ദൈവത്തോടുള്ള സ്നേഹം സൃഷ്ടിക്കുന്നു.

ഒരു വനിത അതിഥി പറയുന്നു:സമീപ ഗ്രാമത്തിൽനിന്നുമാണ് ഞാൻ വരുന്നത്. ഈ പരിപാടിയിലേക്ക് വളരെ നല്ല രീതിയിലാണ് ഞങ്ങൾ ക്ഷണിക്കപ്പെട്ടത്. ഇതിനുമുമ്പേ ഞങ്ങൾക്ക് അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് ഒരറിവുമുണ്ടായിരുന്നില്ല. നിങ്ങൾ സൃഷ്ടിച്ച ഈ വലിയ അവസരം പരസ്പരം അറിയാൻ വളരെ നല്ലതാണെന്നാണ് എനിക്ക് തോന്നുന്നത്. നമുക്ക് സമാധാനത്തോടെ എങ്ങനെ ജീവിക്കാൻ സാധിക്കുമെന്ന് അറിയാനുള്ള വലിയ അവസരമാണിത്. ജനങ്ങളോട് എങ്ങനെ ആദരവോടെ പെരുമാറാൻ സാധിക്കുമെന്ന കാര്യം ഈ പ്രസംഗം കേൾക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കും.

ഒരതിഥി പറയുന്നു: സമീപ ഗ്രാമവുമായി ബന്ധപ്പെട്ട വ്യക്തിയാണ് ഞാൻ. അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് തികച്ചും എനിക്ക് അറിയില്ലായിരുന്നു. വളരെ നല്ല രീതിയിൽ നിങ്ങൾ ഞങ്ങളെ വരവേറ്റു. ഖലീഫയുടെ പ്രഭാഷണം വളരെ മഹത്തരമായിരുന്നു.

■ ഒരതിഥി പറയുന്നു: ഖലീഫയുടെ പ്രസംഗം കേട്ടപ്പോൾ വളരെ വികാരാധീനനായി. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ അനുകമ്പ പ്രകടമായി കാണുന്നു. വളരെ സ്നേഹം പുലർത്തുന്ന വ്യക്തിയും വളരെ ശ്രദ്ധ വെക്കുന്ന വ്യക്തിയുമാണ്. സ്നേഹത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ അദ്ദേഹത്തിന്റെ ഈ സന്ദേശം വളരെ മികച്ചതായിരുന്നു. ഈ സന്ദേശം വളരെ അനിവാര്യമാണ്.

■ ഒരതിഥി പറയുന്നു: ഖലീഫ വളരെ ആദരണീയ വ്യക്തിത്വമാണ്. അദ്ദേഹം വളരെ പുണ്യവാനാണ്. അദ്ദേഹത്തിന്റെ പ്രകൃതിയിൽ സൂക്ഷമതയുണ്ട്. അദ്ദേഹം നല്കിയ സന്ദേശം വളരെ ഉന്നതമാണ്.

■ ഒരു വനിത അതിഥി പറയുന്നു: ഈ പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചതിൽ ഞാൻ വളരെ സന്തോഷവതിയാണ്. ഇവിടെ വന്നതിനുശേഷം എനിക്കു ശാന്തി അനുഭവിക്കാൻ സാധിച്ചു. സ്നേഹം ലഭിച്ചു. ഈ പരിപാടിയുടെ അടിസ്ഥാന ഉദ്ദേശ്യം ഇതുതന്നെയായിരുന്നു.

■ ഹർട്ടിഗെയിം(Hurtigheim) പട്ടണത്തിന്റെ മേയർ ജീൻ ജാക്വസ് റുച്(Jean Jacques Ruch) പറയുന്നു: മസ്ജിദിൽ വന്നതിൽ വളരെ സന്തോഷം തോന്നുന്നു. വിശിഷ്യാ എന്റെ ഗ്രാമത്തിലെ വളരെയധികം ആളുകൾ ഈ പരിപാടിയിൽ സംബന്ധിച്ചതിലും എനിക്ക് വളരെ സന്തോഷമുണ്ട്. ഇതെല്ലാം കഴിഞ്ഞ ഏഴുവർഷമായി നിങ്ങൾ ഞങ്ങളോടു പുലർത്തുന്ന ബന്ധങ്ങളും സമാധാന സന്ദേശവും കാരണത്താലാണ്.

■ മേയർ ഫ്രാൻസ് അമീർ സാഹിബിനോടു:ഈ സ്വീകരണ പരിപാടിയില്ട ഇത്രയധികം പേർ പങ്കെടുക്കാനുണ്ടായ കാരണം ഖലീഫയോട് പറഞ്ഞു കൊടുക്കുക. കുറച്ചു ദിവസങ്ങളിൽ ജനങ്ങൾ നിരന്തരം എന്റെയടുക്കൽ വരികയും എന്റെ പ്രദേശത്ത് മസ്ജിദ് നിർമിച്ചോ എന്ന് ചോദിക്കാറുമുണ്ടായിരുന്നു. നിങ്ങളുടെ ജമാഅത്ത് ഏത് തരത്തിലുള്ളതാണെന്ന് ഞാൻ അവര്ക്ക് വിവരിച്ചു കൊടുത്തു. ഈയൊരു കാര്യത്തെ കുറിച്ച് ആലോചിച്ചുകൊണ്ടാണ് ഞാനിവരെ ഈ പ്രോഗ്രാമിലേക്ക് കൂട്ടിക്കൊണ്ടു വന്നത്. തദ്വാരാ ഞാൻ പറഞ്ഞ കാര്യം യഥാർഥമാണെന്നും തെറ്റായ കാര്യമല്ലെന്നും സ്വന്തം കണ്ണുകൊണ്ട് അവർ കാണട്ടെ എന്ന അടിസ്ഥാനത്തിലായിരുന്നു ഇത്. ഇപ്പോൾ നിങ്ങൾ സ്വന്തം കണ്ണുകൾകൊണ്ടു കാണുക. പറയാതെ പോകുകയാണെങ്കിൽ നിങ്ങളെ ഇരുത്തുന്നതിന്നു വേണ്ടി സ്വന്തം ഇടം ഒഴിഞ്ഞു തരുന്നതാണെന്നും ഞാൻ ഇവരോട് പറഞ്ഞിരുന്നു. കൂടാതെ, ഞാനൊരു മതപരമായി ബന്ധമുള്ള വ്യക്തിയാണെന്നും എന്റെ സഹോദരൻ പാതിരിയാണെന്നും ഇന്നിവിടെ ഒരു മാലാഖ നിങ്ങളോടൊപ്പം ഉണ്ടാകുമെന്ന് എനിക്ക് പറയാൻ സാധിക്കുമെന്നും ഇവരോട് വ്യക്തമാക്കി.

■ കോച്ചർസ് ബർഗ് (Kochersberg)ജില്ലാ കൗൺസിലിന്റെ പ്രസിഡന്റ് ജസ്റ്റിൻ വോഗൽ (Justin Vogel)സാഹിബ് പറയുന്നു:ഇവിടെ മസ്ജിദ് വരാൻ പോകുന്നു എന്നറിഞ്ഞപ്പോൾ തുടക്കത്തിൽ എനിക്ക് വളരെ ആശങ്കകൾ നിലനിന്നിരുന്നു. എന്നാൽ, നിങ്ങളുടെ മുദ്രാവാക്യമായ **എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്** കേട്ടതിന്നുശേഷം എന്റെ വിചാരധാര മാറി. ഇത്രയധികം സ്നേഹം തുളുമ്പുന്ന മുദ്രാവാക്യം ഉയർത്തുന്ന ഇവരെ എങ്ങനെ സ്വീകരിക്കാതിരിക്കും എന്നതായി എന്റെ ചിന്ത!

അഹ്മദിയ്യാ ജമാഅത്തിന് തീവ്രവാദത്തിനെതിരിൽ ഒരു വാളാകാൻ സാധിക്കും. സുപ്രധാന പങ്ക് നിർവഹിക്കാൻ സാധിക്കും. ഇതുവരെ ഫ്രാൻസിലെ ജനങ്ങൾക്ക് അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് വിശാലാടിസ്ഥാനത്തിൽ അറിയില്ല. എന്നാൽ, തീവ്രവാദത്തിന്നെതിരിലും ഇന്ന് നിലനില്ക്കുന്ന പ്രതിബന്ധങ്ങൾക്കെതിരിലും അഹ്മദിയ്യത്തിനെ മുന്നോട്ടുകൊണ്ടു വരേണ്ടതാണ്. ഇതിന്നുള്ള പരിഹാരം ഇതു തന്നെയാണ്.

■ കീൻ ഹെയിം പട്ടണത്തിന്റെ മേയറായ ലുക് ഗിൻസ്(Luc Ginzc) സാഹിബ് പറയുന്നു: ആദ്യമായാണ് ഞാൻ മസ്ജിദിൽ വരുന്നത്. മസ്ജിദിൽ വരുന്നത് ഇക്കാര്യത്തിന്നു വേണ്ടിയാണെങ്കിൽ ഞാൻ ദിവസവും മസ്ജിദിൽ വരുന്നതാണ്.

ശേഷം പേജ് 12 ൽ

# വാഗ്ദത്ത മസീഹ്
# ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)ന്റെ
# ലിഖിത ശകലം

**ശരീരേച്ഛ ദീർഘായുസ് വാഗ്ദാനം ചെയ്യും. ഇതു വഞ്ചനയാണ്. പ്രായത്തെ വിശ്വസിക്കാൻ പറ്റില്ല. എത്രയും വേഗം ഭക്തിമാർഗത്തിലേക്കും ആരാധനയിലേക്കും കുനിയേണ്ടതാണ്. രാവിലെ മുതൽ വൈകുന്നേരംവരെ കണക്കെടുക്കേണ്ടതാണ്. തഹജ്ജുദിന് പ്രത്യേകം എഴുന്നേല്ക്കുക. താൽപര്യത്തോടും ഉത്സാഹത്തോടുംകൂടി അനുഷ്ഠിക്കുക. ഇടയ്ക്കുള്ള നമസ്കാരങ്ങളിൽ ജോലിത്തിരക്ക് കാരണത്താൽ പരീക്ഷണം വന്നുഭവിക്കുന്നു. ഭക്തിമാർഗത്തിനുവേണ്ടി ബുദ്ധിമുട്ടും നഷ്ടവും സഹിക്കുന്നവർ ജനങ്ങളുടെ ദൃഷ്ടികളിലും പ്രിയപ്പെട്ടവരാകാറുണ്ട്. നബിമാരുടേയും സിദ്ദീഖുമാരുടേയും ജോലിയാണിത്. സാമ്പ്രദായിക ബയ്അത്ത് ഫലം ചെയ്യില്ല.**

"സാമ്പ്രദായികമായി ചെയ്യുന്ന ബയ്അത്ത് ഫലമൊന്നും ചെയ്യുകയില്ല. അത്തരം ബയ്അത്തുകൊണ്ട് ഭാഗഭാക്കാകുക എന്നത് ബുദ്ധിമുട്ടാണ്. ഭാഗഭാക്കാകുന്നത് സ്വന്തം അസ്തിത്വത്തെ ഉപേക്ഷിച്ച് തികഞ്ഞ സ്നേഹത്തോടും ആത്മാർഥതയോടും അതിനോടൊപ്പം ചേരുമ്പോഴാണ്. കപടവിശ്വാസികൾ നബി(സ)തിരുമേനിയോടു സത്യസന്ധമായ ബന്ധം പുലർത്താത്ത കാരണത്താൽ അവസാനം വിശ്വാസമില്ലാത്തവരായിത്തീർന്നു. അവരിൽ സത്യസന്ധമായ സ്നേഹവും ആത്മാർഥതയും ഉണ്ടായില്ല. അതുകൊണ്ട് ബാഹ്യമായനിലയിലുള്ള ലാഇലാഹ ഇല്ലല്ലാഹ് അവർക്ക് പ്രയോജനപ്പെട്ടില്ല. അതുകൊണ്ട് ബന്ധങ്ങൾ ശക്തിപ്പെടുത്തേണ്ടത് വലിയ അത്യാവശ്യമായ കാര്യമാണ്. ബന്ധങ്ങളെ അവൻ(ശിഷ്യൻ) ശക്തിപ്പെടുത്തുകയും അതിനുവേണ്ടി ശ്രമിക്കുകയും ചെയ്യുന്നില്ലെങ്കിൽ അവന്റെ പരാതിയും ഖേദവും നിഷ്ഫലമാണ്. സ്നേഹത്തിന്റേയും ആത്മാർഥതയുടേയും ബന്ധം വർധിപ്പിക്കേണ്ടതാണ്. സാധിക്കുന്നിടത്തോളം ജീവിത രീതികളിലും വിശ്വാസാദർശങ്ങളിലും ആ ഗുരുവിന്റെ വർണം സ്വാംശീകരിക്കേണ്ടതാണ്. ശരീരേച്ഛ ദീർഘയുസ് വാഗ്ദാനം ചെയ്യും. ഇതു വഞ്ചനയാണ്. പ്രായത്തെ വിശ്വസിക്കാൻ പറ്റില്ല. എത്രയും വേഗം ഭക്തിമാർഗത്തിലേക്കും ആരാധനയിലേക്കും കുനിയേണ്ടതാണ്. രാവിലെ മുതൽ വൈകുന്നേരം വരെ കണക്കെടുക്കേണ്ടതാണ്.

### തഹജ്ജുദ് നമസ്കരിക്കാൻ കർശന നിർദ്ദേശം

ഈ ജീവിതത്തിന്റെ എല്ലാ ശ്വാസങ്ങളും ഭൗതിക ജോലികളിൽ കഴിച്ചുകൂട്ടുകയാണെങ്കിൽ, പിന്നെ പരലോകത്തേക്ക് എന്തു സമ്പാദ്യമാണുള്ളത്? തഹജ്ജുദിന് പ്രത്യേകം എഴുന്നേല്ക്കുക. താൽപര്യത്തോടും ഉത്സാഹത്തോടുംകൂടി അനുഷ്ഠിക്കുക. ഇടയ്ക്കുള്ള നമസ്കാരങ്ങളിൽ ജോലിത്തിരക്ക് കാരണത്താൽ പരീക്ഷണം വന്നുഭവിക്കുന്നു. ജീവിതവിഭവം നല്കുന്നവൻ അല്ലാഹുവാണ്. നമസ്കാരം അതിന്റെ സമയത്ത് നിർവഹിക്കേണ്ടതാണ്. ളുഹ്റും അസ്റും ഇടയ്ക്കിടെ ജംആക്കാം. ദുർബലരായവരുണ്ടെന്ന് അല്ലാഹുവിന്നറിയാം. അതുകൊണ്ടാണ് ഈ ഇളവ് വെച്ചിട്ടുള്ളത്. എന്നാൽ, മൂന്നെണ്ണം ജംആക്കാനുള്ള ഇളവില്ല.

### അല്ലാഹുവിനുവേണ്ടി ബുദ്ധിമുട്ട് സഹിക്കുക.

തൊഴിലിലും മറ്റു പല കാര്യങ്ങളിലും ആളുകൾ ശിക്ഷ വാങ്ങാറുണ്ട്. (ഭരണാധികാരികളുടെ ദ്വേഷത്തിന് പാത്രമാകാറുണ്ട്) അതിനാൽ അല്ലാഹുവിനുവേണ്ടി കഷ്ടപ്പാടുകൾ വഹിക്കുകയാണെങ്കിൽ അതെത്ര നല്ലതാണ്. ഭക്തിമാർഗത്തിനുവേണ്ടി ബുദ്ധിമുട്ടും നഷ്ടവും സഹിക്കുന്നവർ ജനങ്ങളുടെ ദൃഷ്ടികളിലും പ്രിയപ്പെട്ടവരാകാറുണ്ട്. നബിമാരുടേയും സിദ്ദീഖുമാരുടേയും ജോലിയാണിത്.

ആരാണോ അല്ലാഹുവിനുവേണ്ടി ഭൗതികനഷ്ടം സഹിക്കുന്നത് അല്ലാഹു ഒന്നും ബാക്കിവെക്കാതെ മുഴുവൻ പ്രതിഫലവും അവനു നല്കുന്നു.

### മനുഷ്യൻ കപടപരമായ രീതി അവലംബിക്കരുത്

(മനുഷ്യന് നിർബന്ധമാണ്)കപടപരമായ രീതി ഉൾക്കൊള്ളരുത്. ഉദാഹരണത്തിന് ഒരു ഹിന്ദു (അയാൾ ഭരണാധികാരിയോ ഉദ്യോഗസ്ഥനോ ആവട്ടെ) രാമനും റഹീമും ഒന്നാണെന്ന് പറയുകയാണെങ്കിൽ അത്തരം അവസരത്തിൽ അതേ, അതേ എന്നു പറഞ്ഞ് ഒപ്പം കൂടരുത്. അല്ലാഹു മാന്യതയോടെ പെരുമാറുന്നത് വിലക്കുന്നില്ല; സംസ്കാരപരമായി മറുപടി നല്കുക. യുക്തി എന്നതിന്റെ അർഥം അനാവശ്യമായി ആവേശമുണ്ടാക്കുകയും നിരർഥമായി വഴക്കുണ്ടാക്കുകയും ചെയ്യുന്നവിധം സംസാരിക്കുക എന്നല്ല. സത്യം ഒരിക്കലും മറച്ചുവെക്കരുത്. എല്ലാത്തിനോടും അതേ, അതേ എന്നു പറഞ്ഞ് ഒപ്പം കൂടിയാൽ അവസാനം മനുഷ്യൻ കാഫിറായിത്തീരും. അല്ലാഹുവിനെ പരിഗണിക്കുകയും ലജ്ജ ഉൾക്കൊള്ളുകയും വേണ്ടതാണ്. നമ്മുടെ ദീനിൽ ഒരു കാര്യവും സംസ്കാര വിരുദ്ധമായിട്ടില്ല.

### ഇസ്ലാം ഉപദ്രവിക്കപ്പെട്ട മതമാണ്.

ഇസ്ലാം എപ്പോഴും ഉപദ്രവം ഏറ്റുവാങ്ങിക്കൊണ്ടു വന്നതാണ്. രണ്ട് സഹോദരന്മാർ തമ്മിൽ വഴക്കുണ്ടാകുമ്പോൾ മൂത്തവൻ തന്റെ വലുപ്പത്തവും ആദ്യം ജനിച്ചുവെന്ന കാരണവുംകൊണ്ട് തന്റെ ഇളയ സഹോദരന്റെമേൽ അനാവശ്യമായി അക്രമം ചെയ്യുന്നു. കാരണം താൻ ആദ്യം പിറന്നതുകൊണ്ട് തനിക്ക് കൂടുതൽ അവകാശമുണ്ടെന്ന് അവൻ ധരിക്കുന്നു. വാസ്തവത്തിൽ അവകാശം രണ്ടുപേർക്കും സമമാണ്. ഇത്തരത്തിലുള്ള ദ്രോഹമാണ് ഇസ്ലാമിനുമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എല്ലാ മതങ്ങളുടേയുംഅവസാനമാണ് ഇസ്ലാം വന്നത്. ഇസ്ലാം എല്ലാ മതങ്ങളുടേയും തെറ്റുകൾ അവരോടു പറഞ്ഞു. അജ്ഞൻ ക്ഷേമകാംക്ഷിയുടെ ശത്രുവായിത്തീരുന്നുവെന്നത് ഒരു സമ്പ്രദായമാണ്. ഇപ്രകാരം ആ എല്ലാ മതങ്ങളും അതിനെ വെറുത്തു. കാരണം അവരുടെ മനസ്സുകളിൽ അവരുടേതായ ശ്രേഷ്ഠത കുടികൊണ്ടിരുന്നു. മനുഷ്യൻ ജനതയുടെ ആധിക്യംകൊണ്ടും കുലീനതകൊണ്ടും സമ്പന്നതകൊണ്ടും അഹങ്കാരിയായിത്തീരുന്നു. നബി(സ)തിരുമേനി ചെറിയതും പുതിയതുമായ ഒരു സംഘക്കാരനായ പാവം മനുഷ്യനായിരുന്നു. അതുകൊണ്ട് (തുടക്കത്തിൽ) എതിരാളികൾ വിശ്വസിച്ചില്ല. സത്യം എപ്പോഴും ദ്രോഹിതമയിരിക്കും.

### ഇസ്ലാം മറ്റു ജനതകളുടെ നന്മ ആഗ്രഹിക്കുന്നു.

ഇസ്ലാം എത്രമാത്രം പരിശുദ്ധമായ മതമാണെന്നാൽ ഒരു മതസ്ഥാപകനേയും ചീത്ത പറയാൻ അത് അനുവദിക്കുന്നില്ല. മറ്റു മതക്കാർ പെട്ടെന്നാണ് ചീത്ത വിളിക്കാൻ മുതിരുന്നത്. നോക്കൂ! ഈ ക്രൈസ്തവ ജനത നബി(സ)തിരുമേനിയെ എത്രമാത്രം ചീത്ത പറയുന്നു. നബി(സ)തിരുമേനി ഇക്കാലത്ത് ജീവിച്ചിരിപ്പുണ്ടെങ്കിൽ അവിടത്തെ ഭൗതികമായ മാഹാത്മ്യം വിചാരിച്ചുകൊണ്ടും ഇക്കൂട്ടർക്ക് ഇത്തരം ഒരു വാക്യവും നാവിൽ കൊണ്ടുവരാൻ സാധിക്കുമായിരുന്നില്ല. എന്നല്ല ആയിരം മടങ്ങ് ബഹുമാനത്തോടെ പെരുമാറുമായിരുന്നു. കാബൂൾ അമീറും റോമിലെ സുൽത്വാനും നബി(സ)തിരുമേനിയുടെ സമുദായത്തിൽപ്പെട്ട ചെറിയ രണ്ടുപേരാണ്. അവരെ ചീത്തവിളിക്കാൻ സാധിക്കുകയില്ല. അവരോടു അപമര്യാദയോടുകൂടി പെരുമാറാനും കഴിയില്ല. എന്നാൽ, നബി(സ)തിരുമേനിയുടെ പേരു കേട്ടാലുടൻ ആയിരക്കണക്കിന് ചീത്തയാണ് പറയുന്നത്. ഇസ്ലാം മറ്റു മതങ്ങളുടെ നന്മ ആഗ്രഹിക്കുന്നു. എല്ലാ ഓരോ നബിമാരേയും ഗ്രന്ഥത്തേയും ആക്ഷേപങ്ങളിൽനിന്ന് അത് മോചിപ്പിച്ചു; ഇസ്ലാം സ്വയം ദ്രോഹിതമാണ്. ഇസ്ലാമിന്റെ ശീർഷകമായ ലാ ഇലാഹ ഇല്ലല്ലാഹ് മറ്റൊരു മതത്തിലുമില്ല.(മൽഫൂദാത്ത് വാള്യം 1 പേജ് 3-5)

നിങ്ങൾ അഞ്ചുനേര നമസ്കാരം നിർബന്ധമായും കൃത്യസമയത്ത് നമസ്കരിക്കേണ്ടതാണ്.
വിശുദ്ധഖുർആനും പതിവായി തിലാവത്ത് ചെയ്യേണ്ടതാണ്. കഴിയുന്നിടത്തോളം
തഹജ്ജുദ് നമസ്കാരവും അനുഷ്ഠിക്കേണ്ടതാണ്.
അത്ഫാലിനെ ദീനിനോടു ചേർത്തുവെക്കുകയും ജമാഅത്തുപരമായ പ്രവർത്തനങ്ങളിൽ
വ്യാപൃതരാക്കിവെക്കുകയും ചെയ്യേണ്ടതാണ്. അതിനുവേണ്ടി വിവിധവഴികളും മാർഗങ്ങളും
അന്വേഷിക്കേണ്ടതായിവരും.
നിങ്ങളെവിടെയാണെങ്കിലും എന്റെ ജുമുഅ ഖുത്ബ ഏതു മാർഗത്തിലൂടെയാണെങ്കിലും
വേണ്ടില്ല കേൾക്കാൻ കഴിവിന്റെ പരമാവധി പരിശ്രമിക്കേണ്ടതാണ്.
ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾകൊണ്ട് പൂർണമായും നിറയുന്നതിന് എംടിഎ യുടെ ആത്മീയമായ
ഭക്ഷണത്തളികയിൽനിന്ന് ഫലമെടുക്കുക.

## ഭാരത മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടേയും അത്ഫാലുൽ അഹ്മദിയായുടേയും 2021 സാലാന ഇജ്തിമാഇന്റെ അവസരത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ പ്രത്യേക സന്ദേശം

ഇസ്‌ലാമാബാദ് യു.കെ
MA 16-10-2021

ഭാരതത്തിലെ പ്രിയപ്പെട്ട മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ അംഗങ്ങളേ!

السلام علیکم ورحمۃ اللہ وبرکاتہ

ഭാരത മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായ്ക്ക് തങ്ങളുടെ സാലാന ഇജ്തിമാ സംഘടിപ്പിക്കാൻ തൗഫീഖ് കിട്ടുന്നുവെന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അല്ലാഹു എല്ലാ വിധത്തിലും വിജയവും അനുഗ്രഹവും നല്കുമാറാകട്ടെ. സൽഫലമുളവാക്കുമാറാകട്ടെ. ആമീൻ.

ഈ അവസരത്തിൽ എന്നോടു സന്ദേശമയക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഞാൻ ഈ അവസരത്തിൽ നിങ്ങൾക്ക് കുറച്ചു അത്യാവശ്യമായ ഉപദേശം നല്കാനാഗ്രഹിക്കുകയാണ്. ഇന്ന് ഭൗതികചുറ്റുപാടു കാരണത്താൽ ജനങ്ങൾ അല്ലാഹുവിൽനിന്ന് അകന്നുപോയിക്കൊണ്ടിരിക്കുകയാണ്. ജനങ്ങൾ ഭൗതിക പദ്ധതികളിൽ കൂടുതൽ മുഴുകാൻ തുടങ്ങിയിരിക്കുന്നു. പക്ഷേ, നമ്മുടെ ജമാഅത്ത് ഒരു ആത്മീയ ജമാഅത്താണ്. അതുകൊണ്ട് നിങ്ങൾ അഞ്ചുനേര നമസ്കാരം നിർബന്ധമായും കൃത്യസമയത്ത് നമസ്കരിക്കേണ്ടതാണ്. വിശുദ്ധഖുർആനും പതിവായി തിലാവത്ത് ചെയ്യേണ്ടതാണ്. കഴിയുന്നിടത്തോളം തഹജ്ജുദ് നമസ്കാരവും അനുഷ്ഠിക്കേണ്ടതാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാകുക എന്നത് സുവർണമായ താക്കോലാണ്. അതുമുഖേന എല്ലാതരത്തിലുള്ള വിജയവും സാധ്യമാകുന്നതാണ്. നിങ്ങൾക്ക് തഹജ്ജുദ് നമസ്കാരവും അനിവാര്യമാണ്. ഒരു മനുഷ്യൻ അല്ലാഹുവിനോടു ഏറ്റവും അടുത്താകുമ്പോൾ അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിലേക്കും ശ്രദ്ധ വർധിക്കുന്നതാണ്. തന്റെ ബയ്അത്തിൽ പ്രവേശിക്കുക എന്നത് ഒരു പുതുജീവിതം പ്രാപിക്കുന്നതിന് തുല്യമാണെന്ന കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞത് എപ്പോഴും ഓർമവെക്കുക. യുവാക്കൾക്ക് നമസ്കാരത്തിന്റെ പ്രാധാന്യത്തെ കുറിച്ച് പറഞ്ഞുകൊടുക്കുക എന്നത് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടേയും ജോലിയാണ്. എല്ലാ മുസ്‌ലിമീങ്ങളുടേയും നിർബന്ധകാര്യമായ അഞ്ചുനേരനമസ്കാരം അനുഷ്ഠിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് ഖുർആനിക വചനങ്ങളും ഹദീഥുകളും ഹദ്റത്ത് മസീഹ് മൗഊദിന്റെ നിർദേശങ്ങളും ഉദ്ധരിച്ച് അവർക്കു പറഞ്ഞുകൊടുക്കുക. എല്ലാ ചെറുപ്പക്കാർക്കും വ്യക്തിപരമായ നിലയിൽ നമസ്കാരങ്ങളുടെ പ്രാധാന്യത്തിന്റെ ഗ്രാഹ്യമുണ്ടായിരിക്കേണ്ടതാണ്. അത്ഫാലും ചെറിയപ്രായംമുതൽ ഫർള് നമസ്കാരങ്ങളിലും ജമാഅത്തുപരമായ ജോലികളിലും പങ്കെടുക്കേണ്ടതാണ്. ഈ വശത്ത് മജ്‌ലിസുകളുടെ ആമില അംഗങ്ങൾ കൂടുതൽ കർമനിരതരായി തങ്ങളുടെ ചുമതല നിറവേറ്റേണ്ടതാണ്. കാരണം നിങ്ങൾ എപ്പോഴും നിങ്ങളുടെ അടുത്തുവെക്കേണ്ടതും ദീനിനോടു ചേർത്തുവെക്കേണ്ടതും ജമാഅത്തുപരമായ പ്രവർത്തനങ്ങളിൽ വ്യാപൃതരാക്കിവെക്കേണ്ടതുമായ പ്രായമാണ് അത്ഫാലിന്റേത്. അതിനുവേണ്ടി വിവിധവഴികളും മാർഗങ്ങളും അന്വേഷിക്കേണ്ടതായിവരും. അവർക്ക് ഏതു തരത്തിലുള്ള ആഭിമുഖ്യമാണുള്ളതെന്ന് അവരോടു ചോദിക്കുക. അതനുസരിച്ച് അത്ഫാലുൽ അഹ്മദിയ്യായുടേയും ഖുദ്ദാമുൽ അഹ്മദിയ്യായുടേയും പരിപാടികൾ ക്രമീകരിക്കുക. എത്രത്തോളം ഖുദ്ദാമുൽ അഹ്മദിയായേയും അത്ഫാലുൽ അഹ്മദിയായേയും നിങ്ങൾ ജമാഅത്തുപരമായ പരിപാടികളിൽ പങ്കെടുപ്പിക്കുമോ അത്രകണ്ട് നിങ്ങൾ ജമാഅത്തിനുവേണ്ടി ഫലപ്രദമായ സാധനങ്ങൾ തയ്യാറാക്കുകയായിരിക്കും ചെയ്യുന്നത്.

അതുപോലെ ഖുദ്ദാം ഏതെങ്കിലും കളിയിൽ തീർച്ചയായും പങ്കെടുക്കേണ്ടതാണെന്ന കാര്യവും ശ്രദ്ധിക്കേണ്ടതാണ്. കേവലം ഇടവഴികളിലൂടെ അലഞ്ഞു നടക്കാൻ പാടില്ല. വെറും ഇന്റോറും ഇന്റർനെറ്റിലെ കളികളും മാത്രം കളിച്ചുകൊണ്ടിരുന്നാൽ പോര. അവർ കുറച്ചു കായികമായ കളികളിലും പങ്കെടുക്കേണ്ടതാണ്. പുറത്തിറങ്ങേണ്ടതാണ്. ഗ്രൗണ്ടുകളിൽ പോകേണ്ട സമയം ക്ലിപ്തപ്പെടുത്തേണ്ടതാണ്.

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയായുടെ വലിയൊരു ഉത്തരവാദിത്വമാണ് അഹ്മദിയ്യ ഖിലാഫത്തിന്റെ സംരക്ഷണം. നിങ്ങൾ കാലത്തിന്റെ ഖലീഫ പറയുന്ന കാര്യങ്ങൾ കേൾക്കുന്നതിലൂടേയും അതനുസരിച്ച് പ്രവർത്തിക്കുന്നതിലൂടേയുമാണ് അഹ്മദിയ്യ ഖിലാഫത്തിന്റെ സംരക്ഷണം നടക്കുന്നത്. ജമാഅത്തിന്റെ സംരക്ഷണവും കാലത്തിന്റെ ഖലീഫ പറയുന്ന കാര്യങ്ങൾ കേൾക്കുന്നതിലൂടേയും അതനുസരിച്ച് പ്രവർത്തിക്കുന്നതിലൂടേയും നടത്താവുന്നതാണ്. ഇക്കാല ഘട്ടത്തിൽ ഖിലാഫത്തിനെ അനുസരിക്കാനും കാലത്തിന്റെ ഖലീഫയുടെ നിർദേശങ്ങൾ പ്രാവർത്തികമാക്കാനുമുള്ള ഒരു സുപ്രധാന മാർഗം അല്ലാഹുവിന്റെ ഫള്ലിന്റേയും ഔദാര്യത്തിന്റേയും രൂപത്തിൽ സ്ഥാപിതമായ മാർഗമാണ്. അത് എം.ടി.എ ആണ്. അതുകൊണ്ട് നിങ്ങളെവിടെയാണെങ്കിലും എന്റെ ജുമുഅ ഖുത്ബ ഏതു മാർഗത്തിലൂടെയാണെങ്കിലും വേണ്ടില്ല കേൾക്കാൻ കഴിവിന്റെ പരമാവധി പരിശ്രമിക്കേണ്ടതാണ്. എം.ടി.എ (ഒഠഅ) യിൽ ഞങ്ങൾ ഖുത്ബകൾ സ്ഥിരമായി കേൾക്കാൻ തുടങ്ങിയതുമുതൽ ഞങ്ങൾക്ക് ജമാഅത്തുമായി ശക്തമായ ബന്ധമുണ്ടായിരിക്കുന്നുവെന്നും ഞങ്ങളുടെ ഈമാനിൽ കരുത്തുണ്ടാകുന്നുവെന്നും അറിയിച്ചുകൊണ്ടുള്ള ധാരാളം കത്തുകൾ എനിക്കിപ്പോഴും കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾകൊണ്ട് പൂർണമായും നിറയുന്നതിന് ഈ ആത്മീയമായ ഭക്ഷണത്തളികയിൽനിന്ന് ഫലമെടുക്കുക.

അല്ലാഹു നിങ്ങൾക്ക് എന്റെ ഈ എല്ലാ ഉപദേശങ്ങളുമനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുകയും തന്റെ എണ്ണമറ്റ ഫള്ലുകൾകൊണ്ട് അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ

വസ്സലാം
വിനീതൻ
മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽമസീഹ് അൽഖാമിസ്

പേജ് 5 ൽ നിന്ന്

സവും അതുപോലെ നബി(സ) തിരുമേനിയുടെ പ്രീതിയും സംബന്ധിച്ച് താങ്കൾ പറഞ്ഞുവല്ലോ? അത് അല്ലാഹുവിന്റെ അനുഗ്രഹമൊന്നുകൊണ്ട് മാത്രമാണ് എനിക്ക് ലഭിച്ചത്. ഹദ്റത്ത് അബൂബക്റിനോടൊപ്പമുള്ള സഹവാസത്തെയും അദ്ദേഹത്തിന്റെ പ്രീതിയെയും കുറിച്ച് പറഞ്ഞല്ലോ? അതും എനിക്കുമേലുളള അല്ലാഹുവിന്റെ ഔദാര്യമാണ്. നിങ്ങൾ എന്നിൽ കാണുന്ന ഈ അസ്വസ്ഥത നിങ്ങളെ കുറിച്ചും നിങ്ങളുടെ കൂട്ടുകാരെ കുറിച്ചുമുള്ളതാണ്. അതായത് എനിക്ക് എന്നെ കുറിച്ചല്ല അസ്വസ്ഥതയുള്ളത് മറിച്ച് നിങ്ങളെ കുറിച്ചും നിങ്ങളുടെ കൂട്ടുകാരെ കുറിച്ചുമാണ്. അല്ലാഹുവാണ! എന്റെ പക്കൽ ഭൂമി നിറയെ സ്വർണമുണ്ടായാലും തീർച്ചയായും ഞാനത് പ്രതാപവാനായ അല്ലാഹുവിന്റെ ശിക്ഷ കാണുന്നതിനുമുമ്പേ ഫിദ്‌യയായി നൽകുന്നതായിരിക്കും.*(സ്വഹീഹുൽബുഖാരി, കിതാബു ഫളാഇലു അസ്ഹാബുന്നബിയ്യി(സ), ബാബു മനാഖിബു ഉമർ ബിൻ ഖത്ത്വാബ്...ഹദീഥ് 3692)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ***വല യുബദ്ദിലന്നഹും മിൻ ബഅ്ദി ഖൗഫിഹിം അംനാ*** എന്ന ആയത്തിനെ വ്യാഖ്യാനിച്ചുകൊണ്ട് പറയുന്നു: 'ഖലീഫമാർക്ക് ഭയം ഉളവാകുംവിധം ഒരു അത്യാപത്തും വന്നു ചേർന്നിട്ടില്ല. അങ്ങനെ വല്ലതും വന്നാൽത്തന്നെ അല്ലാഹു അതിനെ സമാധാനത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഹദ്റത്ത് ഉമർ(റ) ശഹീദായെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. എന്നാൽ, സംഭവങ്ങൾ പരിശോധിക്കുകയാണെങ്കിൽ ഹദ്റത്ത് ഉമറിന് ശഹാദത്തിനെ കുറിച്ച് ഒരു ഭയവുമുണ്ടായിരുന്നില്ലെന്ന് മനസ്സിലാകുന്നതാണ്. മാത്രവുമല്ല, 'അല്ലാഹുവേ! എനിക്ക് നീ ശഹാദത്ത് നൽകേണമേ. മദീനയിൽവച്ചുതന്നെ എന്റെ ശഹാദത്ത് ഉണ്ടാകേണമേ' എന്ന് നിരന്തരം അദ്ദേഹം ദുആയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ ഏതൊരു വ്യക്തിയാണോ തന്റെ ജീവിതത്തിലുടനീളം തനിക്ക് മദീനയിൽവച്ചുതന്നെ ശഹാദത്ത് നൽകേണമേ എന്ന് അല്ലാഹുവിനോട് പ്രാർഥിച്ചത്, ആ വ്യക്തി ശഹീദായാൽ ഒരു ഭയാവസ്ഥ ഉണ്ടായെന്നും അല്ലാഹു അതിനെ സമാധാനത്തിലേക്ക് മാറ്റിയില്ലെന്നും നമുക്ക് എങ്ങനെ പറയാൻ സാധിക്കും? തീർച്ചയായും ഹദ്റത്ത് ഉമർ(റ) ശഹാദത്തിനെ കുറിച്ച് ഭയക്കുകയും അങ്ങനെ ശഹാദത്ത് സംഭവിക്കുകയും ചെയ്തിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ഭയത്തെ അല്ലാഹു സമാധാനത്തിലേക്ക് മാറ്റിയില്ലെന്ന് നമുക്ക് പറയാവുന്നതാണ്. എന്നാൽ, അദ്ദേഹം അല്ലാഹുവേ! എനിക്ക് മദീനയിൽവച്ച് ശഹാദത്ത് നൽകേണമേ എന്ന് ദുആ ചെയ്തിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം തന്റെ ശഹാദത്തിനെ കുറിച്ച് ഭയന്നിരുന്നു എന്നെങ്ങനെ തെളിയും? അദ്ദേഹം ശഹാദത്തിനെ ഭയന്നിരുന്നില്ലെന്ന് മാത്രമല്ല അതിനുവേണ്ടി ദുആയും ചെയ്തുകൊണ്ടിരുന്നു. അല്ലാഹു ആ ദുആ സ്വീകരിക്കുകയും ചെയ്തു. അതുകൊണ്ട് പ്രസ്തുത ആയത്തിനു വിധേയമായി അദ്ദേഹത്തിന് ഒരു ഭയവും മനസ്സിലുണ്ടായിരുന്നില്ലെന്ന് വ്യക്തമാകുന്നുണ്ട്. ഈ ആയത്തിൽനിന്നു ഞാൻ വിവരിച്ചതുപോലെ വ്യക്തമാകുന്നത് ഖലീഫമാർ ഏതെങ്കിലും കാര്യത്തെ ഭയന്നിരുന്നെങ്കിൽ അത് സംഭവിച്ചിരുന്നില്ലെന്നാണ്. അവരുടെ ഭയത്തെ സമാധാനത്തിലേക്ക് മാറ്റും എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. എന്നാൽ, ഖലീഫ ഒരു കാര്യത്തെ കുറിച്ച് ഭയക്കാതിരിക്കുകയും മറിച്ച് അതിനെ തന്റെ അന്തസ്സും പദവികൾ ഉയർത്തുന്ന കാര്യവുമായി കണക്കാക്കവേ അക്കാര്യത്തെ ഭയമെന്ന് പറയുന്നതും എന്നിട്ട് എന്തുകൊണ്ട് അതിനെ സമാധാനത്തിലേക്ക് അല്ലാഹു പരിവർത്തനം ചെയ്തില്ലെന്ന് ചോദിക്കുന്നതും എത്രത്തോളം നിരർഥമായ കാര്യമാണ്. ഇക്കാര്യം മനസ്സിലാക്കേണ്ടതാണ്.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: 'ഹദ്റത്ത് ഉമറിന്റെ ഈ ദുആ ഞാൻ വായിച്ചപ്പോൾ എന്റെ മനസ്സിൽ പറഞ്ഞു, ബാഹ്യമായ നിലയിൽ ഇതിന്റെ അർഥം ശത്രു മദീനയിലേക്ക് കടന്നാക്രമണം നടത്തണമെന്നും ആ ആക്രമണം എത്രത്തോളമാകുമെന്നാൽ എല്ലാ മുസ്‌ലിമീങ്ങളും നശിപ്പിക്കപ്പെടണമെന്നും ശേഷം അവർ ഖലീഫയുടെ അടുത്തെത്തി അദ്ദേഹത്തെ ശഹീദാക്കണമെന്നുമാണ്. എന്നാൽ, അല്ലാഹു ഹദ്റത്ത് ഉമറിന്റെ ദുആ സ്വീകരിക്കുകയും ഇസ്‌ലാമിന്റെ അന്തസ്സ് നിലനിറുത്തുന്നതിനുള്ള സംവിധാനം ഒരുക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ മദീനക്കുമേൽ പുറത്തുനിന്ന് ഒരു സൈനികാക്രമണം നടക്കാതെ അകത്തുനിന്നു തന്നെയുള്ള ഒരു ദുഷ്ടൻ അദ്ദേഹത്തെ കഠാര കുത്തിയിറക്കി ശഹീദാക്കുകയും ചെയ്തു.'*(തഫ്സീറെ കബീർ വാള്യം 6, പേജ് 378)*

അടിമകളെ സ്വതന്ത്രമാക്കുന്നതിനെ കുറിച്ചുള്ള ഇസ്‌ലാമിക അധ്യാപനങ്ങളെ ഹദ്റത്ത് ഉമറിന്റെ ശഹാദത്ത് സംഭവത്തെ ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)കാര്യകാരണസഹിതം വിവരിക്കുന്നുണ്ട്. ആ മഹാത്മാവ് പറയുന്നു: 'ആദ്യത്തെ കൽപന നിങ്ങൾ ഔദാര്യം കാണിച്ചുകൊണ്ട് ഒരുവിധ മോചനദ്രവ്യവും കൂടാതെ അടിമകളെ സ്വതന്ത്രരാക്കണമെന്നാണ്. തുടർന്ന് പറഞ്ഞു, അങ്ങനെ ചെയ്യാൻ സാധിക്കില്ലെങ്കിൽ അവരെ മോചനദ്രവ്യം വാങ്ങി സ്വതന്ത്രരാക്കുക. ഇനി ഏതെങ്കിലും അടിമക്ക് സ്വന്തം മോചനദ്രവ്യം നൽകാൻ കഴിവില്ലെങ്കിൽ അല്ലെങ്കിൽ അയാളുടെ ഭരണകൂടം അയാളുടെ കാര്യത്തിൽ താൽപര്യം കാണിക്കുന്നില്ലെങ്കിൽ അതായത് ഏതുപ്രദേശത്തുനിന്നാണോ അയാൾ ബന്ദിയാക്കപ്പെട്ടത് അയാൾ ഏതു ഭരണകൂടത്തിന്റെ പ്രജയായിരുന്നോ അയാളെ സ്വതന്ത്രനാക്കുന്ന കാര്യത്തിൽ ആ ഭരണകൂടത്തിന് താൽപര്യമൊന്നുമില്ലെങ്കിൽ, അതുപോലെ അയാളുടെ കുടുംബത്തിനും അയാളെ കുറിച്ച് ചിന്തയില്ലെങ്കിൽ അയാൾക്ക് നിങ്ങൾ നോട്ടീസ് കൊടുത്തുകൊണ്ട് അയാളുടെ മോചന ദ്രവ്യത്തിന്റെ ഗഡുക്കൾ നിശ്ചയിക്കാവുന്നതാണ്. അതായത് ആ തടവുകാരന് തന്റെ മോചനദ്രവ്യത്തെ ഗഡുക്കളാക്കി നിശ്ചയിക്കാവുന്നതാണ്. അങ്ങനെ വരികയാണെങ്കിൽ അയാളുടെ ഗഡു ഒഴിച്ചുള്ള എല്ലാ വരുമാനവും അയാളുടെ സ്വന്തമായിരിക്കും. മാത്രവുമല്ല അയാൾ ഫലത്തിൽ പൂർണമായും സ്വതന്ത്രനുമായിരിക്കും. അതായത് അയാൾ എത്ര സമ്പാദിച്ചാലും തന്റെ മോചനത്തിനുവേണ്ടി നിശ്ചയിച്ച ഗഡുക്കൾ അടച്ചശേഷം ബാക്കി വരുമാനം സ്വയം വിനിയോഗിക്കാവുന്നതാണ്. ഇതും ഒരു തരത്തിൽ സ്വാതന്ത്ര്യമാണ്.

ഹദ്റത്ത് ഉമർ(റ)നെ വധിച്ച അടിമയും ഇങ്ങനെ ഉടമസ്ഥനുമായി കരാർ ചെയ്തയാളാണ്. അതായത് ആ അടിമ തന്റെ ഉടമസ്ഥനായ മുസ്‌ലിമിനോട് ഒരു ദിവസം പറഞ്ഞു: 'എനിക്കിത്ര വരുമാനമുണ്ട്. അതുകൊണ്ട് എനിക്ക് മോചനദ്രവ്യം നിശ്ചയിക്കുക. മാസഗഡുക്കളായി സാവകാശം ഞാൻ അത് അടച്ചുതീർക്കുന്നതായിരിക്കും.' അദ്ദേഹം അയാൾക്ക് വളരെ നിസ്സാരമായൊരു ഗഡു നിശ്ചയിച്ചു. അതയാൾ അടച്ചുകൊണ്ടിരുന്നു. ഒരിക്കൽ അയാൾ ഹദ്റത്ത് ഉമറിന്റെ അടുക്കൽ വരികയും തന്റെ ഉടമസ്ഥൻ തനിക്കുമേൽ ഭാരിച്ച ഗഡു നിശ്ചയിച്ചിട്ടുണ്ടെന്നും അങ്ങ് അതിൽ കുറവുവരുത്തണമെന്നും പരാതി ബോധിപ്പിച്ചു. ഹദ്റത്ത് ഉമർ(റ) അയാളുടെ വരുമാനത്തെ കുറിച്ച് അന്വേഷിച്ചറിഞ്ഞു. അപ്പോൾ മനസ്സിലായത് ഏതൊരു വരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ അയാൾക്കുമേൽ ഗഡു നിശ്ചയിക്കപ്പെട്ടിരുന്നത് യഥാർഥത്തിൽ അയാൾ കാണിച്ച വരുമാനത്തേക്കാളും എത്രയോ മടങ്ങ് അധികമാണ് അയാളുടെ ശരിക്കുമുള്ള വരുമാനമെന്നാണ്. ഹദ്റത്ത് ഉമർ(റ) അതു കണ്ടപ്പോൾ പറഞ്ഞു: നിന്റെ വരുമാനം വെച്ചുനോക്കുമ്പോൾ നിശ്ചയിക്കപ്പെട്ട ഗഡു വളരെ തുച്ഛമാണ്. അതിൽനിന്നു കുറവു വരുത്താൻ സാധിക്കില്ല. ആ തീരുമാനം കാരണം അയാൾക്കു കഠിനമായ കോപം വന്നു. താൻ പേർഷ്യക്കാരനായതുകൊണ്ടാണ് തനിക്കെതിരിൽ വിധിയുണ്ടായതെന്നും തന്റെ ഉടമ അറബിയായതിനാലാണ് അയാൾക്ക് പരിഗണന ലഭിച്ചതെന്നും അയാൾ കരുതി. അങ്ങനെ ദേഷ്യത്താൽ അയാൾ രണ്ടാമത്തെ ദിവസംതന്നെ ഹദ്റത്ത് ഉമറിനെ കഠാരകൊണ്ട് ആക്രമിക്കുകയും ആ പരിക്കുകൾ നിമിത്തം അദ്ദേഹം ശഹീദാകുകയും ചെയ്തു.' *(ഇസ്‌ലാം കാ ഇഖ്തിസാദി നിളാം, അൻവാറുൽ ഉലൂം, വാള്യം 18, പേജ് 28-29)*

## ഹദീഥുന്നബ്വി(സ):

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."**

*(സ്വഹീഹ് മുസ്‌ലിം)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## ഹദീഥുന്നബ്വി(സ):

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**

*(തിർമുദി, അബ്വാബുദ്ദഅ്‌വാത്ത്)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് വീണ്ടും വിവരിക്കുന്നു: ലോകത്ത് രണ്ടു കാര്യങ്ങളാണ് നേരും നെറിയും വിട്ടുകളയാൻ ഒരാളെ പ്രേരിപ്പിക്കുന്നത്. ഒന്ന് അങ്ങേയറ്റത്തെ വിദ്വേഷം. രണ്ട് അങ്ങേയറ്റത്തെ സ്നേഹം. ചിലപ്പോഴൊക്കെ നിസാരസംഭവങ്ങൾ കാരണവും, അടങ്ങാത്ത വിദ്വേഷം ഉണ്ടാകാറുണ്ട്. ഹദ്റത്ത് ഉമറിന്റെ കാര്യംതന്നെ നോക്കുക. എത്ര നിസ്സാരമായ സംഭവംകൊണ്ടാണ് വിദ്വേഷം വർധിച്ചത്. അത് ഇസ്‌ലാമിക ലോകത്തിനുതന്നെ എത്ര വലിയ നഷ്ടമാണ് വരുത്തിവെച്ചത്. ആ സംഭവത്തിന്റെ സ്വാധീനം ഇന്നുവരെ കാണാനാകുമെന്ന് എനിക്കു പറയാൻ സാധിക്കും. ഹദ്റത്ത് ഉമറിന്റെ കാലത്ത് അദ്ദേഹത്തിന്റെ അടുത്ത് ഒരു കേസുവന്നു. ഒരാളുടെ അടിമ നല്ലവണ്ണം സമ്പാദിക്കുമായിരുന്നു. എന്നാൽ, തന്റെ ഉടമയ്ക്ക് വളരെ കുറച്ചു മാത്രമായിരുന്നു അയാൾ കൊടുത്തിരുന്നത്. ഹദ്റത്ത് ഉമർ ആ അടിമയെ വിളിപ്പിച്ചു. എന്നിട്ട് ഉടമയ്ക്ക് കൂടുതൽ കൊടുക്കാൻ പറഞ്ഞു. ആ സമയത്ത് ജോലി വൈദഗ്ദ്ധ്യമുള്ളവർ വളരെ കുറവായിരുന്നു. കൊല്ലന്മാർക്കും ആശാരിമാർക്കും വലിയ വിലയുണ്ടായിരുന്നു. ആ അടിമ ഗോതമ്പ് അരക്കുന്ന ആട്ടുകല്ല് നിർമിക്കുമായിരുന്നു. അങ്ങനെ ഒരുപാട് സമ്പാദിക്കുമായിരുന്നു. ഹദ്റത്ത് ഉമർ(റ)അയാളോട് തന്റെ ഉടമസ്ഥന് മൂന്നര അണ നൽകണമെന്ന് ശട്ടം കെട്ടി. ഇത് എത്ര നിസ്സാരമായ സംഖ്യയാണ്. എന്നാൽ, അയാൾ കരുതിയത് ഹദ്റത്ത് ഉമർ തെറ്റായ വിധിയാണ് കല്പിച്ചതെന്നാണ്. അതുമുതൽ അയാൾക്ക് അദ്ദേഹത്തോടു വിദ്വേഷം തുടങ്ങി. ഒരിക്കൽ ഹദ്റത്ത് ഉമർ(റ) നമുക്കും ഒരു ആട്ടുകല്ല് പണിതു തരികയെന്ന് അയാളോട് പറഞ്ഞു. അപ്പോൾ അയാൾ പറഞ്ഞു: 'ഞാൻ ആട്ടുകല്ലുണ്ടാക്കി തരാം. അത് നല്ലവണ്ണം കറങ്ങുന്ന ആട്ടുകല്ലായിരിക്കും. അത് കേട്ടപ്പോൾ 'ഇവൻ തന്നെ ഭീഷണിപ്പെടുത്തിയതാണെന്ന്' ഹദ്റത്ത് ഉമർ(റ) പറഞ്ഞു.

ഈ സംഭവം ആദ്യം വിവരിച്ച സംഭവവുമായി സാദൃശ്യമുള്ളതാണ്. അല്ലെങ്കിൽ അതേ സംഭവം തന്നെയാണ്. ഇത് അവനെ കുറിച്ചുള്ള സംഭവം തന്നെയാണ്. എന്തായാലും, ആ അടിമയുടെതന്നെ സംഭവമാണ്.

അദ്ദേഹം പറഞ്ഞു: 'വാചകങ്ങൾ ഇക്കാര്യം പ്രകടമാക്കുന്നില്ല. ആദ്യത്തെ നിവേദനത്തിലുള്ളത് അവൻ ഭീഷണിപ്പെടുത്തുകയാണെന്ന് ഹദ്റത്ത് ഉമർ(റ) സ്വയം പറഞ്ഞു എന്നാണ്. പറഞ്ഞതു ഭീഷണി സ്വരത്തിലായിരുന്നു. അവസാനം ഒരു ദിവസം ഹദ്റത്ത് ഉമർ(റ) നമസ്കരിക്കുകയായിരുന്നു. ആ അടിമ അദ്ദേഹത്തെ കഠാരകൊണ്ട് കുത്തി വധിക്കുകയുണ്ടായി.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) എഴുതുന്നു: 'കോടിക്കണക്കിന് മനുഷ്യരുടെ രാജാവും, വിശാലമായ പ്രദേശത്തിന്റെ ഭരണാധികാരിയും, മുസ്‌ലിമീങ്ങളുടെ ഉത്തമനായ വഴികാട്ടിയുമായിരുന്ന ഹദ്റത്ത് ഉമർ(റ) മൂന്നരഅണയ്ക്കു വധിക്കപ്പെട്ടു. ഏതൊരുവന്റെ ഉള്ളിലാണോ വെറുപ്പും വിദ്വേഷവുമുള്ളത് അവൻ മൂന്നരഅണയാണെന്നോ രണ്ടണയാണെന്നോ നോക്കുകയില്ല. അവൻ അവന്റെ(വെറുപ്പിന്റെ) ദാഹം ശമിപ്പിക്കാൻ മാത്രമേ നോക്കുകയുള്ളൂ എന്നതാണ് വാസ്തവം. അവന്റെ പ്രകൃതം വെറുപ്പിനുവേണ്ടി അർപ്പിതമായിരിക്കും. ആ അവസ്ഥയിൽ തനിക്കോ മറ്റുള്ളവർക്കോ എന്ത് സംഭവിക്കുമെന്നു അവൻ നോക്കുകയില്ല. ഹദ്റത്ത് ഉമറിനെ കൊല ചെയ്തവനോട് എന്തിനാണ് ഈ നീചപ്രവൃത്തി ചെയ്തതെന്ന് ചോദിച്ചപ്പോൾ അവൻ പറഞ്ഞത്, 'തനിക്കെതിരെ തീരുമാനം എടുത്തതിന് താൻ പ്രതികാരം ചെയ്തു'വെന്നാണ്.

ആദ്യം ഈ വിശദീകരണം ഇപ്രകാരം നല്കപ്പെട്ടിരുന്നില്ല. പിടിക്കപ്പെടുമ്പോൾ അയാൾക്ക് കുറച്ചു സമയം ലഭിച്ചിട്ടുണ്ടാകാം. ആ സമയത്തായിരിക്കാം താൻ ഇന്ന കാര്യത്തിനാണ് വധിച്ചതെന്ന് അയാൾ പറഞ്ഞിട്ടുണ്ടാകുക. പിന്നീട് ആത്മഹത്യയും ചെയ്തു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഞാൻ വേദനാജനകമായ ഈ സംഭവം വിവരിച്ചുകൊണ്ടു പറഞ്ഞു, ഇസ്‌ലാമിൽ ഇപ്പോഴും അതിന്റെ പ്രഭാവമുണ്ട്. അതിപ്രകാരമാണ്. അതായത് മരണം എപ്പോഴും സംഭവിക്കുന്നതാണ്. എന്നാൽ, ആരോഗ്യവനായിരിക്കുമ്പോൾ മരണം സംഭവിക്കുമെന്ന ചിന്തയുണ്ടായിരിക്കുകയില്ല. പക്ഷേ, ആരോഗ്യം ക്ഷയിച്ചിരിക്കുമ്പോൾ ജനങ്ങൾ സ്വയമേവ ഭാവിയിലെ സംവിധാനങ്ങളെകുറിച്ചു ചിന്തിക്കുന്നു. അവർ പരസ്പരം ഇതിനെക്കുറിച്ചു പറയില്ലെങ്കിലും ഭാവിയിലെ സംവിധാനത്തെ കുറിച്ചു ചിന്തിക്കാൻ പ്രേരകമാകുന്ന അവസ്ഥ തനിയെ ഉണ്ടാകുന്നു. അതുകാരണം ഇമാം വഫാത്താവുമ്പോൾ ജനം ജാഗരൂകരാകുന്നു. ഹദ്റത്ത് ഉമർ (റ) ശാരീരികമായി ശക്തനായിരുന്നു. അദ്ദേഹത്തിന് 63 വയസ്സായിരുന്നുവെങ്കിലും സ്വഹാബാക്കളുടെ മനസ്സിൽ അദ്ദേഹം ഉടൻ അവരിൽ നിന്ന് വേർപെടുമെന്ന ചിന്തയുണ്ടായിരുന്നില്ല. അതുകാരണം അവർ ഭാവിയിലെ സംവിധാനങ്ങളെ കുറിച്ച് അശ്രദ്ധരായിരുന്നു. അപ്പോഴാണ് പൊടുന്നനെ ഉമറിന്റെ വഫാത്തിന്റെ മുസ്വീബത്ത് വന്നു ചേർന്നത്. ആ സമയം ജമാഅത്ത് മറ്റൊരു ഇമാമിനെ ഉൾക്കൊള്ളാൻ തയ്യാറായിരുന്നില്ല. തയ്യാറെടുപ്പ് ഇല്ലാതിരുന്നതിനാൽ ഹദ്റത്ത് ഉഥ്മാനോട് ഉണ്ടാവേണ്ടിയിരുന്ന ഒരു ബന്ധവുമുണ്ടായില്ല. അതു കാരണം ഇസ്‌ലാമിന്റെ അവസ്ഥ ദുർബലമായി. ഹദ്റത്ത് അലി (റ)യുടെ കാലത്ത് അതിനെക്കാൾ ദുർബലമായി. *(ഖുത്‌ബാത്തെ മഹ്മൂദ്, വാള്യം 11, പേജ് 240-241)*

ഇതും പിന്നീടുണ്ടായ കുഴപ്പങ്ങൾക്ക് കാരണമായെന്നാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ അഭിപ്രായം.

കലഹങ്ങളുടെ സാഹചര്യമുണ്ടാകുമ്പോൾ കുറച്ചുപേർ നമസ്കാര സമയത്ത് സുരക്ഷക്കായി നിൽക്കേണ്ടത് അനിവാര്യമാണ്. ഇതും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞതാണ്. അതുമായി ബന്ധപ്പെട്ട് ഹദ്റത്ത് ഉമറിന്റെ ശഹാദത്തുസംഭവം വിവരിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: 'വിശുദ്ധ ഖുർആനിന്റെ വ്യക്തമായ കല്പനയാണ് സുരക്ഷക്കായി പകുതി മുസ്‌ലിമീങ്ങൾ നില്ക്കണമെന്നത്. ഇത് യുദ്ധാവസരത്തിലെ കാര്യമാണ്. ഒരു ജമാഅത്തിന്റെ സുരക്ഷക്കായി ഇതിന്റെ ആവശ്യമുണ്ട്. എങ്കിലും ഇതിനെ തെളിവായെടുത്തുകൊണ്ടു, ചെറിയ ഫിത്നയെ തടയുവാൻ കുറച്ചുപേരെ നമസ്കാര സമയത്ത് നിറുത്തിയാൽ അത് ആക്ഷേപാർഹമായ കാര്യമല്ലെന്ന് മാത്രമല്ല അത് നിർബന്ധമായ കാര്യവുമാണ്. ഇതെങ്ങനെ നടപ്പിൽ വരുത്താം.' അദ്ദേഹം പറയുന്നു: 'യുദ്ധാവസരത്തിൽ ആയിരത്തിൽനിന്ന് അഞ്ഞൂറുപേരെ സുരക്ഷക്കായി വെക്കാമെങ്കിൽ ചെറിയ ആക്രമണങ്ങളുണ്ടാകുന്ന സന്ദർഭത്തിൽ ആയിരത്തിൽനിന്ന് 5,10 പേരെ സുരക്ഷക്കായി വെക്കാൻ പറ്റില്ലേ? ആക്രമണം ഉറപ്പുള്ള കാര്യമല്ലെന്ന് പറയുന്നത് വ്യർഥമായ കാര്യമാണ്. ഹദ്റത്ത് ഉമറിന് എന്താണ് സംഭവിച്ചത്? അദ്ദേഹം നമസ്കരിക്കുകയായിരുന്നു. മുസ്‌ലിമീങ്ങളും നമസ്കാരത്തിലായിരുന്നു. ഒരു ദുഷ്ടൻ ഈ നേരം ആക്രമിക്കാൻ പറ്റിയ സമയമാണെന്ന് മനസ്സിലാക്കി മുമ്പോട്ട് വന്ന് കഠാരകൊണ്ട് കുത്തി. ഈ സംഭവത്തിനുശേഷവും അഥവാ ആരെങ്കിലും നമസ്കാരത്തിന്റെ സമയത്ത് സുരക്ഷ ഏർപ്പെടുത്തുന്നത് അതിന്റെ നിബന്ധനകൾക്കും മര്യാദയ്ക്കും എതിരാണെന്ന് പറയുകയാണെങ്കിൽ അവന്റെ ബുദ്ധിശൂന്യത പ്രകടിപ്പിക്കുകയല്ലാതെ അവൻ മറ്റൊന്നുമല്ല ചെയ്യുന്നത്. അവന്റെ ഉദാഹരണം യുദ്ധത്തിൽ പങ്കെടുത്ത ബുദ്ധിശൂന്യനെ പോലെയാണ്. അവനിൽ ഒരു അമ്പുവന്നു തറച്ചു. അതുകൊണ്ട് രക്തമൊഴുകാൻ തുടങ്ങി. അവൻ മൈതാനത്തുനിന്നോടി. രക്തം തുടച്ചുകൊണ്ടു, 'അല്ലാഹുവേ! എനിക്ക് അമ്പേറ്റത് സ്വപ്നംതന്നെയാകേണമേ. എനിക്ക് അമ്പേറ്റത് സത്യമായിരിക്കരുതേ' എന്നു പറഞ്ഞു കൊണ്ടിരുന്നു......

ചരിത്രത്തിൽനിന്ന് ഇതും സ്ഥാപിതമാണ്. അതായത് സ്വഹാബാക്കൾ ഒരിക്കൽ സുരക്ഷക്കായുള്ള സംവിധാനം ഏർപ്പെടുത്താതിരുന്നതിനാൽ അവർക്ക് വലിയ ബുദ്ധിമുട്ട് നേരിടേണ്ടി വന്നു. ഹദ്റത്ത് അംറ് ബിൻ ആസ് (റ) ഈജിപ്ത് ജയിച്ചടക്കാൻ പോയി. അദ്ദേഹം പ്രദേശത്തെ ജയിച്ചടക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം നമസ്കരിപ്പിക്കുമ്പോൾ സുരക്ഷ ഏർപ്പെടുത്തിയിരുന്നില്ല. മുസ്‌ലിമീങ്ങൾ ഈ അവസ്ഥയിൽ പൂർണമായും അശ്രദ്ധരാണെന്ന് ശത്രുക്കൾ കണ്ടപ്പോൾ അവർ ഒരു ദിവസം നിശ്ചയിച്ച്, മുസ്‌ലിമീങ്ങൾ സുജൂദിലായ സന്ദർഭത്തിൽ കുറച്ചു ആയുധ ധാരികളെ അയച്ചു. അവരെത്തിയ ഉടൻനെ വാളുകൊണ്ട് മുസ്‌ലിമീങ്ങളുടെ തല വെട്ടാൻ തുടങ്ങി. ചരിത്രത്തിലുള്ളത് അനേകം സ്വഹാബാക്കൾ ആ ദിവസം വധിക്കപ്പെടുകയോ, പരിക്കേൽക്കപ്പെടുകയോ ചെയ്തുവെന്നാണ്. ഒരാൾക്കു പിന്നാലെ മറ്റൊരാൾ നിലംപതിച്ചു കൊണ്ടിരുന്നു; രണ്ടാമത്തെ ആൾക്കുപിറകെ മൂന്നാമത്തെയാൾ! അടുത്തുള്ളയാൾക്ക് എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാകുന്നുണ്ടായിരുന്നില്ല. അങ്ങനെ വലിയ നഷ്ടമാണ് സൈന്യത്തിനുണ്ടായത്. ഹദ്റത്ത് ഉമർ(റ) ഇക്കാര്യം അറിഞ്ഞപ്പോൾ അവരെ കുറെ ശകാരിച്ചു. എന്നിട്ടു പറഞ്ഞു: 'സുരക്ഷക്കുള്ള ഏർപ്പാടു ചെയ്യണമെന്ന് നിങ്ങൾക്ക് അറിയില്ലേ?' എന്നാൽ, ഹദ്റത്ത് ഉമർ എന്തറിയാനാണ്, മദീനയിൽ അദ്ദേഹതിനും ഇതേ അവസ്ഥ നേരിടേണ്ടി വരുന്നതാണെന്ന്! ഈ സംഭവത്തിനുശേഷം സ്വഹാബാക്കൾ നമസ്കാര സമയത്ത് സുരക്ഷയ്ക്ക് ഏർപ്പാടു ചെയ്യുമായിരുന്നു.'*(ഖുത്‌ബാത്തെ മഹ്മൂദ്, വാള്യം 16, പേജ് 68-69)*

ഹദ്റത്ത് ഉമറിന്റെ കടത്തെ കുറിച്ച് ഇതിനു മുമ്പേയും ഞാൻ വിവരിച്ചതാണ്. അദ്ദേഹം

ചോദിച്ചിരുന്നു. പിന്നീട് തന്റെ മകനോടു പറഞ്ഞു. ഇതിനെ കുറിച്ചു കൂടുതൽ പറയാനുള്ളത് ഇതാണ്: അതായത് അദ്ദേഹം തന്റെ മകനോട് അതായത് അബ്ദുല്ലാഹ് ബിൻ ഉമറിനോടു പറഞ്ഞു: 'എന്റെ കടം എത്രയുണ്ടെന്ന് നോക്കുക. അദ്ദേഹം കണക്കു കൂട്ടിയപ്പോൾ അത് 86000 ദിർഹമുണ്ടായിരുന്നു. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'അബ്ദുല്ലാഹ്! ഉമറിന്റെ കുടുംബത്തിന്റെ ധനം അതു വീട്ടാൻ മതിയായതാണെങ്കിൽ അതിൽനിന്ന് ഈ കടം വീട്ടുക. ഇനി അത് തികയാതെ വന്നാൽ ബനൂ അദിയ്യ് ബിൻ കഅ്ബിനോട് ചോദിക്കുക. അതും തികയാതെവന്നാൽ ഖുറയ്ശികളോടു ചോദിക്കുക. അവരെക്കൂടാതെ മറ്റാരോടും ചോദിക്കരുത്.' ലളിത ജീവിതം നയിക്കുന്ന തങ്ങളുടെ ഇമാം ഇത്രയും വലിയ തുക സ്വന്തം ആവശ്യത്തിന് ചെലവാക്കിയിട്ടില്ലെന്ന് സ്വഹാബാക്കൾക്ക് അറിയാമായിരുന്നു. ഈ തുകയും അദ്ദേഹം ആവശ്യക്കാർക്കും, ദരിദ്രർക്കുംവേണ്ടി ചെലവാക്കിയിട്ടുള്ളതാണെന്ന് അവർക്കറിയാമായിരുന്നു. അങ്ങനെയാണ് ഇത്രയും കടമുണ്ടായത്. അതുകൊണ്ട് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ഹദ്റത്ത് ഉമറിനോട് 'അങ്ങ് എന്തുകൊണ്ട് ബയ്ത്തുൽമാലിൽ നിന്ന് അങ്ങയുടെ കടം വീട്ടുന്നില്ല' എന്ന് ചോദിച്ചു. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'മആദല്ലാഹ് നിങ്ങളും നിങ്ങളുടെ സുഹൃത്തും, എനിക്കു ശേഷം ഞങ്ങൾ ഞങ്ങളുടെ വിഹിതം ഉമറിനുവേണ്ടി ഒഴിവാക്കി എന്ന് പറയുവാൻ ആഗ്രഹിക്കുകയാണോ? നിങ്ങൾ ഇപ്പോൾ എന്നെ സാന്ത്വനിപ്പിക്കും. പക്ഷ, എനിക്കുശേഷം പിന്നീടുണ്ടാകുന്ന മുസീബത്ത് ദൂരീകരിക്കപ്പെടാതെ എനിക്കു മോക്ഷം സാധ്യമല്ല.' പിന്നീട് ഹദ്റത്ത് ഉമർ(റ)തന്റെ മകൻ അബ്ദുല്ലാഹ് ബിൻ ഉമറിനോട് പറഞ്ഞു: 'എന്റെ കടത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുക.' അങ്ങനെ അദ്ദേഹം ആ ഉത്തരവാദിത്വം ഏറ്റെടുത്തു.

ഹദ്റത്ത് ഉമറിന്റെ ഖബറടക്കം കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ മകൻ ശൂറ അംഗങ്ങളേയും, ചില അൻസ്വാറിനേയും തന്റെ ഈ ജാമ്യം അതായത് കടത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന കാര്യത്തിന് സാക്ഷികളാക്കി. ഹദ്റത്ത് ഉമറിന്റെ ഖബറടക്കം കഴിഞ്ഞു ജുമുഅ ആവുന്നതിന് മുമ്പേതന്നെ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ കടത്തിന്റെ തുകയുമായി ഹദ്റത്ത് ഉഥ്മാന്റെ സന്നിധിയിലെത്തി. കുറച്ചു സാക്ഷികൾക്കു മുമ്പിൽവെച്ച് ആ ഭാരത്തിൽ നിന്നു മുക്തി നേടി.' *(ത്വബഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 273, ദാറുൽകുതുബുൽ ഇൽമിയ്യ)*

കടം വീട്ടുന്നതിനെ സംബന്ധിച്ച് മറ്റൊരു രിവായത്ത് 'വഫാഉൽ വഫാ' എന്ന ഗ്രന്ഥത്തിൽ ലഭിക്കുന്നുണ്ട്. ഹദ്റത്ത് ഇബ്നു ഉമറിൽനിന്ന് നിവേദനം. ഹദ്റത്ത് ഉമറിന്റെ വഫാത്തിന്റെ നേരം സമീപസ്ഥമായപ്പോൾ അദ്ദേഹത്തിന് കടമുണ്ടായിരുന്നു. അദ്ദേഹം ഹദ്റത്ത് അബ്ദുല്ലായേയും ഹദ്റത്ത് ഹഫ്സ്വയേയും വിളിച്ചു. എന്നിട്ടു പറഞ്ഞു: 'എന്റെമേൽ അല്ലാഹുവിന്റെ ധനത്തിൽനിന്നു കുറച്ച് കടമു ണ്ട്. കടം ഒന്നുമില്ലാത്ത അവസ്ഥയിൽ ഞാൻ അല്ലാഹുവിനെ കണ്ടുമുട്ടാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് നിങ്ങൾ ഈ കടം വീട്ടുന്നതിനു മുമ്പേ ഈ വീട് വിൽക്കുക.' അതായത് അവർ താമസിച്ചിരുന്നവീട്! 'കുറച്ചു പണം കുറവുണ്ടെങ്കിൽ ബനൂ അദിയ്യിനോട് ചോദിക്കുക. എന്നിട്ടും കടം ബാക്കിയുണ്ടെങ്കിൽ ഖുറയ്ശികൾക്കുശേഷം മറ്റാരുടെയും അടുക്കൽ പോകരുത്.' ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ), ഉമർ(റ)ന്റെ വഫാത്തിനു ശേഷം ഹദ്റത്ത് മുആവിയായുടെ അടുക്കൽ പോയി. ഹദ്റത്ത് മുആവിയ ഉമറിന്റെ ആ വീടുവാങ്ങി. അത് 'ദാറുൽ ഖളാ' എന്ന് പറയപ്പെടുന്നു. അബ്ദുല്ലാ ബിൻ ഉമർ (റ) ആ വീടുവിറ്റ് ഹദ്റത്ത് ഉമറിന്റെ കടം വീട്ടി. അതുകൊണ്ട് ആ വീടിനെ 'ദാറുൽ ഖദാ ദയ്ൻ ഉമർ' എന്നു പറയപ്പെടുന്നു. അതായത് ഹദ്റത്ത് ഉമറിന്റെ കടം വീട്ടിയ ഭവനം.' *(വഫാഉൽവഫാഇ ബ അഖ്ബാർ ദാറുൽമുസ്ത്വഫാ, അല്ലാമ നൂറുദ്ദീൻ, വാള്യം 1, ഭാഗം 2, പേജ് 222, മക്തബത്തുൽഹഖ്ഖാനിയ്യ, മുഹല്ല ജങ്കി പെശാവർ പാക്കിസ്താൻ)* ഈ വിവരണം ഇനിയും തുടരുന്നതാണ് ഇൻശാഅല്ലാഹ്.

## അനുസ്മരണം:

### കെ. ബീഫാത്വിമ സാഹിബ, കണ്ണൂർ

മജ്‌ലിസ് അൻസ്വാറുല്ലാഹ് മുൻ സംസ്ഥാന നാളിമും കണ്ണൂർടൗൺ ജമാഅത്തിന്റെ മുൻ പ്രസിഡന്റും സത്യദൂതൻ മുൻ പത്രാധിപരുമായിരുന്ന മർഹൂം ബി.എം. കോയ സാഹിബിന്റെ സഹധർമ്മിണി കെ. ബീഫാത്വിമ സാഹിബ 5-9-2021 ഞായറാഴ്ച അർധരാത്രി 11.30ന് നിര്യാതയായി. 73 വയസ്സായിരുന്നു. പിതാവ് ബിലാവിനകത്ത് അബ്ദുർറഹ്മാൻ സാഹിബ്. മാതാവ് കെ ഖദീജ സാഹിബ. ഇവരുടേത് പാരമ്പര്യ അഹ്മദിയ്യ കുടുംബമാണ്. മാതാമഹി കെ.കുഞ്ഞാമിന സാഹിബ. മാതാമഹൻ പഴയങ്ങാടി അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകാംഗങ്ങളിൽ പ്പെട്ട പ്രമുഖനായ കെ.പി. അഹ്മദുകുട്ടി സാഹിബ്.

വഖ്ഫ് ജദീദ് ഇൻസ്പെക്ടർ മൗലവി കെ ഖമറുദ്ദീൻ സാഹിബ് പറയുന്നു: 'അഹ്മദിയ്യാ ജമാഅത്തിനോടു വളരെ കൂറും ആത്മാർഥതയുമുള്ള ആളായിരുന്നു ബീഫാത്വിമ സാഹിബ. അതിഥിസൽക്കാര പ്രിയയായിരുന്നു. പ്രത്യേകിച്ചും മൗലവിമാരെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. ചന്ദകൾ കൊടുക്കുന്നതിലും ദാനധർമങ്ങൾ ചെയ്യുന്നതിലും എപ്പോഴും മുമ്പിൽത്തന്നെ ഉണ്ടാകുമായിരുന്നു.' അല്ലാഹുവിന്റെ അനുഗ്രത്താൽ പരേത മൂസിയ ആയിരുന്നു. കണ്ണൂർ അഹ്മദിയ്യ മുസ്‌ലിം ഖബ്ർസ്ഥാനിൽ ഖബറടക്കം നടന്നു. അല്ലാഹു പരേതയോടു പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ. ആമീൻ.

കണ്ണൂർ ലജ്ന ഇമാഇല്ലായുടെ മുൻഅധ്യക്ഷയായി സേവനമനുഷ്ഠിച്ചിരുന്ന ബീഫാത്വിമ സാഹിബ ബി.എം. കോയാ സാഹിബിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും സഹായിയായി നിന്നു. കെ ഹബീബ് അഹ്മദ് സാഹിബ് സഹോദരനാണ്.

മക്കൾ:മൻസ്വൂർ മുഹമ്മദ്, നിസാർ മുഹമ്മദ്, സിദ്ദീഖ് മുഹമ്മദ്, നസീം മുഹമ്മദ്, ജസീം മുഹമ്മദ്, ഹസീം മുഹമ്മദ്.

മരുമക്കൾ: നസീറ കോഴിക്കോടു, റശീദ പഴയങ്ങാടി, ഫൗമിയ കണ്ണൂർസിറ്റി, റഫീന കോഴിക്കോട്, ത്വാഹിറ സിദ്ദീഖ പഴയങ്ങാടി.

*(മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ)*

****

**മുറബ്ബിമാർ അല്ലാഹുവുമായി ജീവസുറ്റ ബന്ധമുണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. കുറഞ്ഞത് ഒരു മണിക്കൂർ തഹജ്ജുദ് നമസ്കരിക്കുക. തങ്ങളുടെ ആത്മീയാവസ്ഥ മെച്ചപ്പെടുത്താൻ ശ്രമിക്കുക.**

## അഹ്മദിയ്യാ ജമാഅത്ത് ജർമനിയുടെ പ്രവർത്തനരംഗത്ത് നിയമിതരായ മുറബ്ബിമാരുമായി ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ വെർചൽ കൂടിക്കാഴ്ച

**അഹ്മദിയ്യാ ജമാഅത്ത് ജർമനിയുടെ പ്രവർത്തനരംഗത്ത് നിയമിതരായ മുറബ്ബിമാരുമായി 2020 നവംബർ 15 ന് ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ഒരു ഓൺലൈൻ കൂടിക്കാഴ്ച നടന്നു. ഈ കൂടിക്കാഴ്ചയിൽ ഹുദൂർ മുറബ്ബിമാർക്ക് വിവിധ നിർദേശങ്ങൾ നല്കുകയുണ്ടായി.**

അഹ്മദിയ്യാ ജമാഅത്ത് ജർമനിയുടെ മുബല്ലിഗ് ഇൻചാർജ് സ്വദാഖത്ത് അഹ്മദ് സാഹിബ് വിവരിക്കുന്നു: ഹുദൂർ അൻവറിന്റെ എല്ലാ നിർദേശങ്ങളും നമുക്ക് ഒരു പ്രവർത്തന രൂപരേഖയാണ്. പക്ഷേ, ഈ വിനീതൻ ഹുദൂറിന്റെ പ്രത്യേകമായ ഉപദേശം കേൾപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഹുദൂർ പറഞ്ഞു:മുറബ്ബിമാർ അല്ലാഹുവുമായി ജീവസുറ്റ ബന്ധമുണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. കുറഞ്ഞത് ഒരു മണിക്കൂർ തഹജ്ജുദ് നമസ്കരിക്കുക. തങ്ങളുടെ ആത്മീയാവസ്ഥ മെച്ചപ്പെടുത്താൻ ശ്രമിക്കുക. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും അതിൽ ചിന്തിക്കുകയും ചെയ്യുക. ഈ ആത്മീയമായ വിപ്ലവം നമ്മൾ നമ്മുടെ ഉള്ളിൽ ഉണ്ടാക്കുകയാണെങ്കിൽ അതു പിന്നീട് ജമാഅത്തിലെ സഹോദരങ്ങളുടെ മുഖച്ഛായതന്നെ മാറ്റിമറിക്കുന്നതിന് നിമിത്തമാകുന്നതാണ്.

മറ്റൊരു ഉപദേശം ഹുദൂർ നമുക്ക് നല്കിയത്, അതിനെ കുറിച്ച് പറയേണ്ടത് അനിവാര്യമായി ഞാൻ മനസ്സിലാക്കുന്നു. കാരണം അതനുസരിച്ച് പ്രവർത്തിക്കാത്തിടത്തോളം നമ്മുടെ ആത്മീയ ജീവിതത്തിന് ഒരു ജാമ്യവുമില്ല. ഖിലാഫത്തിന്റെ ദർബാറിൽനിന്ന് പുറപ്പെടുവിക്കുന്ന എല്ലാ കല്പനകളും എല്ലാ നിർദേശങ്ങളും പൂർണമായും നമ്മൾ സ്വീകരിക്കേണ്ടതാണ്. അതിന്റെ യഥാർഥ ആത്മാവ് മനസ്സിലാക്കിക്കൊണ്ട് അതനുസരിച്ച് പ്രവർത്തിക്കാൻ പൂർണമായും പരിശ്രമിക്കേണ്ടതാണ്. സ്വന്തമായി അതിന് വ്യാഖ്യാനവും വിശദീകരണവും കൊടുക്കരുത്. ഇക്കാര്യം ജമാഅത്തിലെ സഹോദരങ്ങളുടെ മനസ്സുകളിൽ കുടിയിരുത്താനും ശ്രമിക്കേണ്ടതാണ്. നമ്മൾ ഇക്കാര്യം സ്വയം മനസ്സിലാക്കുന്നവരും മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നവരുമാകാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ഹുദൂർ അൻവറിന്റെ വാത്സല്യവും ദയവും അനുഗ്രഹവും നിറഞ്ഞ ഒരു മണിക്കൂറിൽ അല്പം അധികം സമയം, അത് ഞങ്ങൾക്ക് അങ്ങേയറ്റം വിലപിടിച്ചതായിരുന്നു, ധിറുതിയിൽ കഴിഞ്ഞുപോയി. ഞങ്ങൾ സന്തോഷത്തിലാണ്. ഞങ്ങളുടെ മനസ്സുകൾ നന്ദിയുടെ വികാരം കൊണ്ട് നിറഞ്ഞിരിക്കുന്നു. ഞങ്ങളിൽ അർപിതമായ നിർബന്ധ കടമകൾ നിറവേറ്റുന്നതിന്, ആവേശവും താൽപര്യവും അത്യുത്സാഹവും ശക്തിയും ഞങ്ങളുടെ ഉള്ളിൽ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കാലിയായ ബാറ്ററി പുതിയതായി ചാർജു ചെയ്തതുപോലെ! ഞാൻ വേദന തിങ്ങുന്ന മനസ്സോടെ ദുആ ചെയ്യുകയാണ്, അല്ലാഹു നമ്മുടെ പ്രിയപ്പെട്ട ആഖായുടെ ആയുസ്സിലും കാര്യത്തിലും ബർക്കത്ത് പ്രദാനം ചെയ്യുമാറാകട്ടെ. ഇത്തരത്തിലുള്ള മനോഹരമായ അവസരങ്ങൾ ഇനിയും നമുക്ക് പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ

*(റിപ്പോർട്ട്:സയ്യിദ് സൽമാൻ അഹ്മദ് ശാഹ്, മുറബ്ബിയെ സിൽസില)(അൽഫള്ൽപത്രം ഇന്റർനാഷണൽ 2021 ഫെബ്രുവരി 26)*

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ
Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 25 November 2021 Issue-47

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

**പേജ് 6 ൽ നിന്ന്**

എനിക്ക് മസ്ജിദിൽ വന്നത് എത്രമാത്രം നല്ലതായി തോന്നിയെന്നാൽ വിവരണാതീതമായ ശാന്തി എനിക്ക് കൈവന്നു. ഫ്ളാഗ് ബിയറേഴ്സ് അസോസിയേഷൻ Flag bearers Association)പ്രസിഡന്റ് ഡെനിസ് ബാബിലോൺ(Denis Babilonnne) പറയുന്നു: ഞാനെന്റെ സ്നേഹിതരിൽ ചിലരോട് മസ്ജിദിൽ പോകാമെന്ന് പറഞ്ഞപ്പോൾ അവിടെ പോകരുതെന്ന് പറഞ്ഞുകൊണ്ട് വിരോധം പ്രകടിപ്പിച്ചു. എന്നാൽ, ഞങ്ങളിവിടെ വന്നപ്പോൾ വിസ്മയപരതന്ത്രരായിപ്പോയി. ഇവിടുത്തെ ആളുകൾ അത്രയധികം ഞങ്ങളെ സ്വീകരിച്ചു. സ്നേഹാദരവോടെ പെരുമാറി. ഇക്കാര്യം ഞങ്ങൾ ബാക്കിയുള്ളവരോടും വ്യക്തമാക്കുന്നതാണ്. തുടര്ന്ന് ഒരു പക്ഷേ, അവരും മസ്ജിദിൽ വരുന്നതായിരിക്കും.

■ നാഷണൽ പാർലമെന്റംഗം മാർട്ടിവ് വുണ്ണർ സാഹിബ (Martin Wonner) തന്റെ ഫെയ്സ് ബുക്ക് പേജിൽ ഇപ്രകാരം തന്റെ കമന്റ് നല്കി: സെക്യൂലറിസം നമ്മുടെ ഭരണകൂടത്തിന്റെ അടിസ്ഥാനമാണ്. മതസ്വാതന്ത്ര്യത്തെ കുറിച്ചുള്ള വിചാരം പുലർത്തുന്നു. ഹർട്ടിഹെയിം(Hurtigheim)മഹ്ദി മസ്ജിദിന്റെ ഉൽഘാടന വേളയിൽ എനിക്കുണ്ടായ വിചാരങ്ങളാണിവ. തിരഞ്ഞെടുക്കപ്പെട്ട ഭരണകൂട ഭാരവാഹികളുടെ മനസ്സിലോ മസ്തിഷ്കത്തിലോ എന്തെങ്കിലും ആശങ്കകളോ സംശയങ്ങളോ ഉണ്ടെങ്കിൽ ഇന്നിവിടെ ദൃശ്യമായ സാഹോദര്യവും വിശാലമനസ്കതയും ദർശിച്ചതിന്നുശേഷം അവയെല്ലാം ദൂരീകരിക്കേണ്ടതാണ്. ഹർട്ടിഹെയിം(Hurtigheim) കാരും കോച്ചേഴ്സ് ബെർഗുകാരും(Kochersberg) അഹ്മദിയ്യാ ജമാഅത്തിന്റെ മുദ്രാവാക്യമായ '**എല്ലാവരോടും സ്നേഹം, ആരോടുമില്ലവെറുപ്പ്**' എന്നതിനോട് ആത്മബന്ധം സ്യഷ്ടിക്കുമെന്നതില് എനിക്ക് ഒരു സംശയവുമില്ല.

■ ഒരു വനിതാ അതിഥി പറയുന്നു: മസ്ജിദിന്റെ ഉൽഘാടനവുമായി ബന്ധപ്പെട്ട് എനിക്ക് ക്ഷണം ലഭിച്ചപ്പോൾ ഇതു ഏതുതരത്തിലുള്ള ജമാഅത്താണെന്ന് അറിയാൻ ആദ്യം ഞാൻ ഇന്റർനെറ്റിലൂടെ അന്വേഷിച്ചു. ഇതു സമാധാനം കാംക്ഷിക്കുന്ന സ്നേഹം വിതറുന്ന ജനതയാണെന്ന് മനസ്സിലാക്കിയപ്പോൾ ഇതിൽ തീർച്ചയായും പോകണമെന്ന് ഞാൻ തീരുമാനം എടുത്തു.

അദ്ദേഹം തന്റെ പൂന്തോട്ടത്തിൽനിന്ന് മുന്തിരി നിറച്ച വലിയൊരു കുട്ട കൊണ്ടു വന്നു. ഇവിടെയുള്ള എല്ലാ സേവകർക്കും മറ്റാളുകൾക്കും അതു വിതരണം ചെയ്തു. ഒപ്പം സ്വന്തം വീടിന്റെ വിലാസവും നല്കി. തന്റെ വീട്ടിൽവന്ന് കൂടുതൽ മുന്തിരി കൊണ്ടു വരാനും അദ്ദേഹം പറഞ്ഞു. ഈ പരിപാടിയിൽ അദ്ദേഹം വളരെ സന്തോഷവാനാണ്.

ഒരു ഡോക്ടർ സാഹിബ് തന്റെ ഭാര്യയോടൊപ്പം ഈപരിപാടിയിൽ പങ്കെടുത്തു അവർ പറയുന്നു: നിങ്ങളെ പോലെയുള്ളവർ നമ്മുടെ ഈ പ്രദേശത്തിന് വളരെ ആവശ്യമാണ്. നിങ്ങളിവിടെ ഉള്ളതിൽ ഞങ്ങൾക്ക് വളരെ സന്തോഷമുണ്ട്. ഛിദ്രതയും അവ്യവസ്ഥിതിയും നിലനില്ക്കുന്ന ഇന്നത്തെ ലോകസാഹചര്യത്തിൽ നിങ്ങളുടെ വളരെ വലിയ ആവശ്യമുണ്ട്. സമാധാനം സ്ഥാപിക്കുന്നവരായ നിങ്ങൾ വളരെയധികം സ്നേഹം പുലർത്തുന്നവരുമാണ്. *(അവലംബം:ബദ്ർ ഉർദു, 5 മാർച്ച് 2020)*

## 126 – ാമത് ജൽസാ സാലാന ഖാദിയാൻ

**സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 126 – ാമത് ഖാദിയാൻ ജൽസാസാലാന 2021 ഡിസംബർ 24,25,26 (വെള്ളി, ശനി, ഞായർ) തീയ്യതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു.**

**പേജ് 1 ൽ നിന്ന്**

കൾ വിശ്വസിച്ചിരുന്നെങ്കിൽ അവർ ഏതു രീതിയിലാണ് നബി(സ)തിരുമേനി സഹായിച്ചിരുന്നത്? ജിന്ന് ജനങ്ങളുടെ തലകളിൽ കയറുന്നുവെന്നും പലതരത്തിലുള്ള ഫലവർഗങ്ങൾ കൊണ്ടു കൊടുക്കുന്നുവെന്നും പറയപ്പെടുന്നു. ഇവർ എങ്ങനെയുള്ള വിശ്വാസികളായിരുന്നു. അതായത് നബി(സ)തിരുമേനിയുടെമേൽ അക്രമത്തിനുമേൽ അക്രമമുണ്ടായി. പക്ഷേ, അവിശ്വാസികളായ ജിന്നുകൾ ഹദ്റത്ത് സുലയ്മാൻ(അ)നുവേണ്ടി കോട്ട തയ്യാറാക്കി. എല്ലാ നിന്ദ്യമായ പ്രവൃത്തികളും അദ്ദേഹത്തിനുവേണ്ടി ചെയ്തു. എന്നാൽ, ഈ 'വിശ്വാസി' എങ്ങനെയുള്ള തത്തയുടെ കണ്ണുള്ളവരായിരുന്നുവെന്നാൽ അബൂ ജഹ്ൽ തുടങ്ങി ആർക്കും ഒരു ശിക്ഷയും അവർ കൊടുത്തില്ല. പിന്നെ ഈ ജിന്ന് സീസൺ അല്ലാത്ത അവസ്ഥയിൽ സീസണിലുണ്ടാകുന്ന ഫലങ്ങൾ കൊണ്ടുകൊടുക്കുമായിരുന്നു. എന്നാൽ, മുഹമ്മദു(സ)ൽ വിശ്വസിച്ചുകൊണ്ട് അവർക്കിതിനും ഭാഗ്യമുണ്ടായില്ല. ഖന്തഖ് യുദ്ധാവസരത്തിൽ കിടങ്ങ് കുഴിക്കുമ്പോൾ നബിതിരുമേനിക്കും മറ്റുള്ളവർക്കും അതികഠിനമായ വിശപ്പുണ്ടായി. അവിടന്നും അവിടത്തെ സ്വഹാബത്തും വയറ്റിൽ കല്ലുവെച്ചുകെട്ടി നടക്കുകയായിരുന്നു. ഇവർ നബിതിരുമേനിക്കും അവിടത്തെ സ്വഹാബത്തിനും യവത്തിന്റെ റൊട്ടിയെങ്കിലും കൊണ്ടുകൊടുത്തിരുന്നെങ്കിൽ!ഇത് ഈമാനിന്റെ അടയാളമല്ല. പ്രത്യുത ഒന്നാമത്തെ ദർജയിലുള്ള അരിഷ്ടതയുടെ അടയാളമാണ്. പക്ഷേ, വിശുദ്ധ ഖുർആൻ പറയുന്നു, ആ വിശ്വാസികൾ ആത്മാർഥതയുള്ളവരായിരുന്നു. ജിന്ന് എന്ന അധ്യായത്തിൽ പറഞ്ഞിട്ടുള്ള ജിന്നുകൾക്ക് ആരുടെയെങ്കിലും തലയിൽ കയറാനോ മനുഷ്യന്റെമേൽ ആധിപത്യം സ്ഥാപിക്കാനോ അവരെ ബുദ്ധിമുട്ടിക്കാനോ കഴിവില്ല. അവർക്കെന്തെങ്കിലും കൊണ്ടുകൊടുക്കാനും കഴിവില്ല. അത്തരം ജിന്ന് ഇങ്ങനെയുള്ളവരുടെ ബുദ്ധിയിൽമാത്രമാണുള്ളത്! വിശുദ്ധ ഖുർആൻ അത്തരം ജിന്നുകളെ അംഗീകരിക്കുന്നില്ല. അത് സമർപിച്ച ജിന്ന് ഞാൻ വിവരിച്ച തരത്തിൽപ്പെട്ടതാണ്. ആ തരത്തിലുള്ളവരിൽപ്പെട്ട നബി(സ)തിരുമേനിയിൽ വിശ്വസിച്ച ജിന്ന് യഹൂദികളായിരുന്നു. അവർ ദൈവവചനം കേൾക്കുകയും തങ്ങളുടെ വീട്ടിൽ പോകുകയും ചെയ്തു. അവസാനം അവർ വിശ്വസിക്കാൻ തീരുമാനിച്ചു. തങ്ങളുടെ ജനതയ്ക്ക് സന്ദേശമെത്തിച്ചു. അറേബ്യയിൽനിന്ന് ആയിരക്കണക്കിന് മൈൽ ദൂരത്ത് വസിക്കുന്നവരായിരുന്നു. അവർക്ക് നബി(സ)തിരുമേനിയെ സംബന്ധിച്ച് പിന്നീട് എന്തെങ്കിലും വിവരം കിട്ടിയിരുന്നോ ഇല്ലെ എന്ന് പറയാൻ കഴിയുകയില്ല. ഇക്കാരണത്താൽ അവർക്ക് ഇസ്ലാമിക യുദ്ധങ്ങളിൽ കർമപരമായി പങ്കെടുക്കാൻ സാധിച്ചിരുന്നില്ല.

ഈ ജിന്ന് മനുഷ്യനായിരുന്നുവെന്നതിനുള്ള മൂന്നാമത്തെ തെളിവ് ഇതാണ്. അല്ലാഹു റസൂൽമാരെ സംബന്ധിച്ച് പറയുന്നു: അവർ മിൻ അൻഫുസിഹിമും മിൻഹുമും ആകുന്നു. അതായത് ആരിലേക്കാണോ വരുന്നത് ആ ജനതയിൽ പെട്ടവരായിരിക്കും. അല്ലാഹു പറയുന്നു:**വ യൗമ നബിഅഥു ഫീ കുല്ലി ഉമ്മത്തിൻ ശഹീദൻ അലയ്ഹിം മ്മിൻഅൻഫുസിഹിം വ ജിഅ്നാ ബിക്ക ശഹീദൻ അലാ ഹാ ഉലാഇ**(16:90)
അതായത് ഖിയാമത്തുന്നാളിൽ എല്ലാ ഓരോ സമുദത്തിലും നാം അവർക്കെതിരായി അവരിൽനിന്നുള്ള ഓരോ സാക്ഷിയെ കൊണ്ടുവരുന്നതായിരിക്കും. മുഹമ്മദു റസൂലുല്ലായെ(സ) മുഹമ്മദിയ ഉമ്മത്തിന്റേയും അക്കാലത്തുള്ളവരുടേയുംമേൽ സാക്ഷി എന്ന നിലയിൽ അയക്കുന്നതുമായിരിക്കും. ജിന്നും വിശ്വസിക്കുന്ന തരത്തിലുള്ള ഏതെങ്കിലും ജനതയാണെങ്കിൽ അവരുടെമേൽ സാക്ഷി പറയുന്നതാരായിരിക്കും. മൂസാ എന്തായാലും ജിന്നല്ല. അദ്ദേഹത്തോടു ചോദിക്കുന്നത് അദ്ദേഹത്തിൽ വിശ്വസിച്ച ജിന്നിനെ സംബന്ധിച്ചായിരിക്കും. ഇപ്രകാരം നബി(സ)തിരുമേനിയും മനുഷ്യനായിരുന്നു. മിൻ അൻഫുസിഹിമിന്റെ ബന്ധം അദ്ദേഹത്തിന് ജിന്നുകളോടില്ല. അതുകൊണ്ട് നബി(സ)തിരുമേനി ജിന്നുകളെ സംബന്ധിച്ച് സാക്ഷിയാകുകയില്ല. മിൻ അൻഫുസിഹിം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം മുമ്പേയുള്ള നബിമാരെ സംബന്ധിച്ച് അവരുടെ ജനതകളാണ്. നബി(സ)തിരുമേനിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ അവിടത്തെ കാലത്തിനുശേഷമുള്ള എല്ലാ മനുഷ്യരും!

അതുകൊണ്ട് ജിന്ന് മനുഷ്യരെപ്പോലെ ഏതെങ്കിലും ചുമതലപ്പെടുത്തിയ സ്യഷ്ടികളാണെങ്കിൽ പ്രതിഫലത്തിനും ശിക്ഷയ്ക്കും അർഹരല്ലാത്തവരായി ഇരുന്നുപോകും.

ഈ വാദത്തെ പിന്തുണയ്ക്കുന്ന നാലാമത്തെ തെളിവ് ഇതാണ് വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:യാ മഅ്ശറൽ ജിന്നി വൽ ഇൻസി അലം യഅ്തിക്കും റുസുലുൻ മ്മിൻകും യഖുസ്സൂന അലയ്ക്കും ആയാത്തീ വ യുൻദിറൂനക്കും ലിഖാഅ യൗമിക്കും ഹാദാ(6131)ജിന്നിന്റേയും ഇൻസിന്റേയും സമൂഹമേ! എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്കു വിവരിച്ചു തരികയും ഈ നാളിനെ കണ്ടുമുട്ടുന്നതിനെ സംബന്ധിച്ച് നിങ്ങൾക്കു മുന്നറിയിപ്പു നല്കുകയും ചെയ്യുന്ന നിങ്ങളിൽനിന്നുള്ള ദൂതന്മാർ നിങ്ങൾക്കു വന്നിട്ടില്ലേ? ഈ വചനത്തിൽ ജിന്നുകളിലേക്ക് അല്ലഹുവിന്റെ വചനങ്ങൾ ഓതിക്കേൾപിക്കുന്ന അവരുടെ ജനതയിലെ നബി വന്നിട്ടില്ലെന്ന് വ്യക്തമായും എഴുതിയിരിക്കുന്നു; മനുഷ്യരിലേക്ക് മനുഷ്യനായ നബി വന്നു. അതേ, ജിന്നുകൾകൊണ്ട് ഏതെങ്കിലും മനുഷ്യരുടെ സംഘമാണെങ്കിൽ നിസംശയം അവർ മൂസായുടേയും നബി(സ)തിരുമേനിയുടേയും വിശ്വാസികളാകാവുന്നതാണ്.

ഇക്കാര്യത്തിനുള്ള അഞ്ചാമത്തെ തെളിവ് പൊതുജനങ്ങളിൽ പ്രസിദ്ധമായിട്ടുള്ള ജിന്നുകൾക്ക് ഒരു അസ്തിത്വവുമില്ലെന്നതാണ്. നബി(സ)തിരുമേനിയിൽ വിശ്വസിച്ചിരുന്ന ജിന്നുകൾ മനുഷ്യർതന്നെയായിരുന്നു. അല്ലാഹു നരകത്തെ സംബന്ധിച്ച് പറയുന്നു: ഫത്തഖുന്നാറല്ലത്തീ വഖൂദുഹന്നാസു വൽ ഹിജാറത്തു(2:25)നരകത്തിൽ ഒന്നുകിൽ മനുഷ്യനുണ്ടായിരിക്കും അല്ലെങ്കിൽ കല്ലുതുടങ്ങി അഗ്നിയെ ആളിക്കത്തിക്കുന്ന സാധനമുണ്ടായിരിക്കും. ജിന്ന് ഏതെങ്കിലും ചുമതലപ്പെടുത്തിയ സ്യഷ്ടികളാണെങ്കിൽ വഖൂദുഹന്നാസു വൽ ജിന്നു വൽ ഹിജാറത്തു എന്നിങ്ങനെ പറയണമായിരുന്നു. അതിനാൽ വിശുദ്ധ ഖുർആൻ ജിന്ന് ജനതയെ നരകവാസികളെന്നു പറഞ്ഞിട്ടുണ്ടെങ്കിൽത്തന്നെ അവിടെ മനുഷ്യരായ ജിന്നാണ് ഉദ്ദേശ്യം. അല്ലാതെ മറ്റേതെങ്കിലും സ്യഷ്ടികളല്ല. *(തഫ്സീറെ കബീർ വാള്യം 4, പേജ് 66, പ്രസാധനം ഖാദിയാൻ 2010)*

www.alislam.org
Al Islam - Official website of Ahmadiyya Muslim Community

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

**നിങ്ങളുടെ സ്യഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സ്യഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:
**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin